# KSSiA NEWS

വ്യവസായ മാസിക

www.kssia.com

kssianews@gmail.com e-magazine

JOURNAL OF THE KERALA STATE SMALL INDUSTRIES ASSOCIATION. APRIL 2025. ₹5.00

VOL. 09 - ISSUE NO. 10 - DATE OF PUBLICATION 25TH APRIL, 2025 - REGN. NO. KERBIL/2005/23143 - TOTAL PAGES: 24


## സംഘടനയ്ക്ക് ഒരു പൊൻതൂവൽ...!

## തലസ്ഥാന നഗരിയിൽ റീജിയണൽ ഓഫീസ്



Revive the Roots

# Sectoral Meetings on Traditional Industries

## Coming Soon!

KSIDC

Kerala's timeless industries, reimagined for tomorrow



KERALA STATE INDUSTRIAL DEVELOPMENT CORPORATION LIMITED

KSSiA NEWS
വ്യവസായ മാസിക
www.kssia.com
kssianews@gmail.com e-magazine
Journal of THE KERALA STATE SMALL INDUSTRIES ASSOCIATION - APRIL 2025 - ₹5.00

**THE KERALA STATE SMALL INDUSTRIES ASSOCIATION**
Building No. X/26A, HMT Industrial Estate,
Kalamassery - 683 503. ✆ 94963 60300
kssiastate@gmail.com, www.kssia.com

**STATE OFFICE BEARERS**

**State President**
A. Nizarudeen
Kollam. ✆ 94477 10078
✉ nazwoodind@gmail.com

**General Secretary**
Joseph Paikada
Kannur. ✆ 94972 24422
✉ josephpaikada@gmail.com

**State Vice Presidents**
P. J. Jose
Cochin. ✆ 98460 53553
✉ info@manoramasalescorporation.com

A. Fasiludeen
Trivandrum. ✆ 94007 04000
✉ fthoppil@yahoo.com

A.V. Sunilnath
Kozhikode. ✆ 93497 44145
✉ sunilnath@walkaroogroup.com

**State Treasurer**
Jayakrishnan B.
Idukki. ✆ 94475 30569
✉ jayakrishnantoyo@yahoo.co.in

**State Joint Secretaries**
M.S. Anaz
Alappuzha. ✆ 98470 42743
M.M. Mujeeb Rahiman
Ernakulam. ✆ 94477 36134
Anvar.K.V.
Malappuram. ✆ 93499 35511

**Editorial Board**

**Chief Editor**
S. Salim
Kollam, ✆ 93873 05751
✉ md@unicornplywoods.com

**Members**
A. Nizarudeen ..... ✆ 94477 10078
Joseph Paikada..... ✆ 94972 24422
Rajesh. G ........... ✆ 98957 03837
Thomas Mathew.. ✆ 80756 59942
Eshaque K.......... ✆ 98470 08185

**Printer & Publisher**
K.P. Ramachandran Nair
✆ 94470 17899

**Printing, Cover Design & Layout**
Rajsree Industrial Printer,
Edayar. ✆ 0484-2559701, 2558538

## ഉള്ളടക്കം

➢ **എഡിറ്റോറിയൽ:**
സംഘടനയുടെ ചരിത്ര നേട്ടം ........................ 03

➢ **പ്രസിഡൻഷ്യൽ റിപ്പോർട്ട്:**
ഇനിയും പരിഹരിക്കപ്പെടാത്ത വിഷയങ്ങൾ:
സർക്കാരിനോടുള്ള അഭ്യർത്ഥന............................ 05

➢ **വോയിസ് ഓഫ് ജനറൽ സെക്രട്ടറി:**
കേന്ദ്ര പൊലൂഷൻ കൺട്രോൾ ബോർഡിന്റെ
പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാനത്ത്
നടപ്പാക്കരുത് ........................................ 07

➢ **ജി.എസ്.ടി.**
ജി.എസ്.ടി. ഉദ്യോഗസ്ഥന് മുൻപിൽ ഒരിക്കൽ
കൊടുത്ത മൊഴി പിന്നീട് പിൻവലിക്കാമോ? .... 08

➢ **വിജയത്തുടർച്ച**
പി.എം.എഫ്.എം.ഇ. പദ്ധതിയിൽ തുടർച്ചയായ
രണ്ടാം വർഷവും ലക്ഷ്യം പൂർത്തീകരിച്ചു കേരളം ... 12

➢ ചെറുകിട വ്യവസായങ്ങളുടെ
നിർവചനം മാറുന്നു ................................ 14

➢ പരമ്പരാഗത വ്യവസായങ്ങളുടെ പുരോഗതി
ക്കായി സംസ്ഥാന സർക്കാർ സെക്ടറൽ
മീറ്റിംഗുകൾ സംഘടിപ്പിക്കും ..................... 16

# എഡിറ്റോറിയൽ

## സംഘടനയുടെ ചരിത്ര നേട്ടം



നമ്മുടെ സംഘടന, സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിന് ഊർജ്ജമായി എന്നും സർക്കാരിനൊപ്പം നിൽക്കുന്ന ഒന്നാണ്. ആ സഹകരണം നമ്മുടെ വ്യവസായ വളർച്ചയ്ക്കും ഏറെ സഹായകമായി ഭവിച്ചിട്ടുണ്ട്. അതു കൊണ്ടു തന്നെ സർക്കാരുകളുമായി കൂടുതൽ അടുക്കാനും സഹകരിക്കാനും ഉള്ള വഴി തേടുക നമ്മുടെ ലക്ഷ്യമാണല്ലോ.

ഭരണ സിരാകേന്ദ്രമായ തലസ്ഥാന നഗരിയിൽ സഹകരണവും സൗകര്യവും ലക്ഷ്യമാക്കി ഒരു റീജിയണൽ ഓഫീസ് നിർമ്മാണം അവസാനഘട്ടത്തിൽ എത്തിനിൽക്കുകയാണ്. മെയ് മാസം 21-ാം തീയതി ബഹു: മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും എന്ന സന്തോഷവാർത്ത പങ്കുവയ്ക്കുന്നു. സ്ഥലം പാളയം കുന്നുകുഴി, തമ്പുരാൻ മുക്ക്. സമയം 3:30.

തുടർന്ന് മസ്കറ്റ് ഹോട്ടലിൽ വച്ച് നടക്കുന്ന പൊതുസമ്മേളനത്തിൽ വ്യവസായ മന്ത്രിയും വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറിയും ബന്ധപ്പെട്ട മറ്റു ഉദ്യോഗസ്ഥരും പങ്കെടുക്കുന്നുണ്ട്.

തലസ്ഥാനത്ത് സൗകര്യമുള്ള ഒരിടം നമ്മുടെ ദീർഘകാല സ്വപ്നമായിരുന്നു. ഈ സ്വപ്ന സാക്ഷാത്കാരം നമ്മുടെ സംഘടനയുടെ പൊൻതൂവൽ ആയി മാറിയിരിക്കുന്നു.

ഇവിടെ വ്യവസായ ആവശ്യത്തിന് എത്തുന്ന നമ്മുടെ വ്യവസായ സുഹൃത്തുക്കൾക്ക് താമസിക്കുവാനും, കോൺഫറൻസ് ഹാളും കമ്പ്യൂട്ടർ ഡി.ടി.പി. തുടങ്ങിയ ആധുനിക സർവ്വ സജ്ജമായ ഓഫീസ് സംവിധാനവും സജ്ജമാക്കുന്നുണ്ട്. ഇവ നമ്മുടെ പ്രവർത്തന ബുദ്ധിമുട്ടുകളെ ലഘൂകരിക്കും എന്നതിൽ സംശയമില്ല.

നമ്മുടെ സംഘടനയുടെ ചരിത്ര അടയാളമായി മാറിയിരിക്കുന്ന ഈ റീജിയണൽ ഓഫീസ് ഉദ്ഘാടനം ആഹ്ലാദകരമായ ഉത്സവ ആഘോഷം ആക്കി തീർക്കുക, നമ്മൾ ഓരോ വ്യവസായിയുടെയും കടമയാണ്. അതിനായി നമുക്ക് അന്ന് അവിടെ ഒത്തുചേരാം നമ്മുക്ക് അത് ആഘോഷമാക്കാം.

പ്രതീക്ഷയോടെ,

**എസ്. സലിം**
**ചീഫ് എഡിറ്റർ**

MoFPI
MINISTRY OF FOOD PROCESSING INDUSTRIES
GOVERNMENT OF INDIA

PMFME

വ്യവസായ വാണിജ്യ വകുപ്പ്
കേരള സർക്കാർ

K-bip



# ഭക്ഷ്യ സംസ്കരണ മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്ക് വലിയ ഉയരങ്ങൾ താണ്ടാം

## പ്രധാൻ മന്ത്രി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ (പിഎംഎഫ്എംഇ) പദ്ധതി

**ഓരോ അപേക്ഷകനും ആദ്യാന്ത്യം സമ്പൂർണ കൈത്താങ്ങ് ഉറപ്പാക്കുന്നു**

- **10 ലക്ഷം രൂപ വരെ സബ്സിഡി**
  യോഗ്യമായ പദ്ധതി ചിലവിന്റെ 35% ക്രെഡിറ്റ് ലിങ്ക്ഡ് മൂലധന സബ്സിഡിയായി പരമാവധി 10 ലക്ഷം രൂപ വരെ ധനസഹായം

- **എസ്.എച്ച്.ജി. അംഗങ്ങൾക്ക് 40,000 രൂപ വരെ ധനസഹായം**
  സ്വയം സഹായ സംഘങ്ങളിലെ ഓരോ അംഗത്തിനും പ്രവർത്തന മൂലധനത്തിനും ചെറിയ ഉപകരണങ്ങൾ വാങ്ങുന്നതിനും 40000 രൂപ വരെ ധനസഹായം

- **പൊതു അടിസ്ഥാന സൗകര്യത്തിന് 3 കോടി രൂപ വരെ**
  പൊതു അടിസ്ഥാന സൗകര്യത്തിനും മൂലധന നിക്ഷേപത്തിനും എസ്.എച്ച്.ജി., എഫ്.പി.ഒ., സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് 3 കോടി രൂപ വരെ ധനസഹായം



കൂടുതൽ വിവരങ്ങൾക്ക്

**ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെടുക**

**വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്**
വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം - 695033.
ഫോൺ: 91 471 2302774 | ഫാക്സ്: +91 471 2305493
ഇമെയിൽ: industriesdirectorate@gmail.com
വെബ്: www.industry.kerala.gov.in

K-bip
**കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ**
2, വിദ്യാ നഗർ, പൊലീസ് ഗ്രൗണ്ടിന് എതിർവശം,
തൈക്കാട് പി.ഒ., തിരുവനന്തപുരം - 695014.
ഫോൺ: +91 471 2321882 | ഫാക്സ്: +91 471 2322883
ഇമെയിൽ: kbip@keralaindustry.org | വെബ്: www.kbip.org



# ഇനിയും പരിഹരിക്കപ്പെടാത്ത വിഷയങ്ങൾ: സർക്കാരിനോടുള്ള അഭ്യർത്ഥന

## പ്രസിഡൻഷ്യൽ റിപ്പോർട്ട്

വ്യവസായ വകുപ്പ്, കെ.എസ്.ഐ.ഡി.സി. വ്യാവസായിക പാർക്കുകളിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടങ്ങൾ/യൂണിറ്റുകൾ എന്നിവയുടെ കെട്ടിട നികുതി, ലൈസൻസ് ഫീസ് ചുമത്താൻ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ അദ്ധ്യായം XIX ലെ വ്യവസ്ഥകൾക്ക് വിധേയമായി ബിൽഡിംഗ് ടാക്സും, ലൈസൻസ് ഫീസും ചുമത്താൻ അധികാരമുണ്ടെന്ന് കാണിച്ച് വ്യവസായ (ജെ) വകുപ്പ് ഇറക്കിയ നമ്പർ. ജെ 3/72/2023/വ്യവ, തിയതി 05.04.2025, തിരുവനന്തപുരം കെ.എസ്.ഐ.ഡി.സി.ക്ക് അയച്ച സർക്കുലർ പുനപരിശോധിക്കണം. 1999-ലെ വ്യവസായ ഏകജാലക വ്യവസ്ഥകൾ നിശ്ചയിച്ച പ്രകാരം വ്യവസായ യൂണിറ്റുകൾക്ക് കെട്ടിടനികുതി ഇളവ് ഉണ്ടെന്ന് വ്യക്തമാക്കിയിരുന്നതാണ്. ഈ കാരണം കൊണ്ട് എസ്റ്റേറ്റിലെ യൂണിറ്റുകളുടെ നികുതി പിരിവ് തത്ക്കാലം നിർത്തി വെച്ച് കൊണ്ട് 05.08.2024ൽ സർക്കുലർ ഇറക്കുകയും ചെയ്തിരുന്നു. ഈ സർക്കുലർ മറി കടന്നാണ് 05.04.2025 ലെ വ്യവസായ വകുപ്പിലെ സർക്കുലർ. വ്യവസായ ഏരിയയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്ന



വസ്തു നികുതിയുമായി ബന്ധപ്പെട്ട് 07.06.2023ൽ ബഹു. വ്യവസായ വകുപ്പ് മന്ത്രിയും തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയും കൂടി എടുത്ത തീരുമാനത്തെ മറികടന്നാണ് ഇപ്പോൾ പ്രിൻസിപ്പൽസെക്രട്ടറിയ്ക്കു വേണ്ടി ജോ. സെക്രട്ടറിയുടെ ഈ സർക്കുലർ ശരിയല്ല. ആയതിനാൽ ഈ ഉത്തരവിനെതിരെ എത്രയും വേഗം ഒരു മാറ്റം വരുത്തി ഇൻഡസ്ട്രീയൽ എസ്റ്റേറ്റിലെ വ്യവസായ സംരംഭകരെ സംരക്ഷിക്കാനും, കൂടുതൽ വ്യവസായങ്ങളിലേക്ക് കടന്ന് വരുവാനുള്ള പ്രോത്സാഹനവും, പ്രേരണയും നല്കാനുള്ള ഒരു അന്തരീക്ഷം സൃഷ്ടിക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

വ്യവസായ കെട്ടിടം നിർമ്മാണത്തിനുള്ള നിയമങ്ങളും ചട്ടങ്ങളും ലളിത വത്കരിക്കണം കെട്ടിട നിർമ്മാണത്തിനുള്ള കവറേജ് ഏരിയ കുറച്ചു കൊണ്ടുവരുന്നത് പുനപരിശോധിക്കണം. 1000 ചതുരശ്ര മീറ്ററിൽ മുകളിൽ വരുന്ന വ്യവസായ കെട്ടിടങ്ങൾ നാഷണൽ ബിൽഡിങ്ങ് കോഡ് വ്യവസ്ഥകൾ ആണ് നടപ്പിലാക്കുന്നത്. നിലവിൽ നാഷണൽ ബിൽഡിങ്ങ് കോഡ് ഗൈഡ് ലൈൻസ് ആണ് കേരളത്തിൽ നടപ്പാക്കുന്നത്. ഇത് എം.എസ്.എം.ഇ. കൾക്ക് താങ്ങാവുന്നതല്ല. ആയതുകൊണ്ട് തമിഴ്നാട്, കർണ്ണാടക, മഹാരാഷ്ട്രാ എന്നീ സംസ്ഥാനങ്ങളിലുള്ളതുപോലെ കേരളത്തിലും ലളിതമായ വ്യവസ്ഥകളോടെ സംസ്ഥാന ബിൽഡിങ്ങ് കോഡ് നടപ്പിലാക്കണം. തൊഴിൽ നിയമങ്ങളിൽ എം.എസ്.എം.ഇ. കൾക്ക് അനുയോജ്യമായ രീതിയിൽ കലോചിതമായ മാറ്റങ്ങൾ കൊണ്ട് വരണം. ഉല്പാദനം തുടർച്ചയായ പ്രക്രിയ എന്ന നിലയ്ക്ക് ഫാക്ടറികളിൽ 3 ഷിഫ്റ്റുകൾ പ്രവർത്തിക്കാനുള്ള അനുവാദം നല്കണം. വ്യവസായ എസ്റ്റേറ്റിലെ അടിസ്ഥാന സൗകര്യ വികസനങ്ങൾ പൂർത്തിയാക്കണം. തടി അധിഷ്ഠിത വ്യവസായങ്ങളെ പൊല്യൂഷൻ കൺട്രോൾ ബോർഡ് മഞ്ഞ കാറ്റഗറിയിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഹസാഡ് കാറ്റഗറിയുലുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് വിവേചനപരമായ

തിനാൽ ഈ മേഖലയെ കൂടി മഞ്ഞ കാറ്റഗറിയിൽപ്പെടുത്താനുള്ള നടപടി വേണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംരംഭകരുടെ ലൈസൻസ് ഫീസ് നിക്ഷേപത്തിന്റെയും വൈദ്യുതി ഹോഴ്സ് പവറിന്റെയും മിഷനറി കപ്പാസിറ്റിയുടെയും അടിസ്ഥാനത്തിൽ രണ്ടു തരത്തിൽ ഈടാക്കുന്നത് ഒഴിവാക്കി നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ഫീസ് നിശ്ചയിക്കണം. പ്രൈസ് പ്രിഫറൻസ് പോളിസി കർശനമായി നടപ്പാക്കാനുള്ള നടപടി സ്വീകരിക്കണം. 150 കെ.വി.എ. വരെ കണക്ടഡ് ലോഡുള്ള വ്യവസായ എസ്റ്റേറ്റുകളിലെ വ്യവസായങ്ങളെ എൽ.റ്റി. ഫോർ കാറ്റഗറിയിൽപ്പെടുത്തിയിട്ടുണ്ട്. ഇത് എസ്റ്റേറ്റിനു പുറത്തുള്ള വ്യവസായ സ്ഥാപനങ്ങൾക്ക് കൂടി ബാധകമാക്കണം. 2025 ജനുവരി മാസത്തിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം നിയമഭേദഗതി മൂലം സെൻട്രൽ പൊലൂഷൻ കൺട്രോൾ ബോർഡ് ഇറക്കിയ പുതിയ മാർഗ്ഗനിർദേശങ്ങൾ സംസ്ഥാനത്തിലെ വ്യവസായ മേഖലയ്ക്ക് ദോഷകരമാണ്. റെഡ് കാറ്റഗറിയിൽപ്പെട്ട വ്യവസായങ്ങൾക്ക് 500 മീറ്ററും, ഓറഞ്ച് കാറ്റഗറിയിൽപ്പെട്ടവയ്ക്ക് 200 മീറ്ററും ഗ്രീൻ കാറ്റഗറിയിൽപ്പെട്ടവർക്ക് 100 മീറ്ററും ജലസ്രോതസ്സിൽ നിന്നും അകലം വേണമെന്ന് വ്യവസ്ഥ ഉണ്ട്. ഈ വ്യവസ്ഥ കേരളത്തിൽ നടപ്പാക്കുന്നത് പ്രായോഗികം അല്ല. സംസ്ഥാനത്ത് ഈ നിബന്ധന നടപ്പാക്കുകയാണെങ്കിൽ നിലവിലുള്ള വൻകിട പൊതുമേഖല സ്ഥാപനങ്ങൾ ഉൾപ്പെടെ വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടേണ്ടതായി വരും. കാരണം പുതിയ കേന്ദ്ര പൊലൂഷൻ കൺട്രോൾ ബോർഡ് മാനദണ്ഡത്തിൽ പറഞ്ഞിരിക്കുന്ന ദൂരപരിധി ഇല്ലാത്തവയാണ് മിക്ക സ്ഥാപനങ്ങളും. ആയതുകൊണ്ട്, സെൻട്രൽ പൊലൂഷൻ കൺട്രോൾ ബോർഡിന്റെ പുതിയ മാർഗനിർദേശങ്ങൾ കേരളത്തിൽ നടപ്പാക്കരുത്. മേൽ പറഞ്ഞ വിഷയങ്ങളിൽ എത്രയും വേഗം ഒരു പരിഹാരം കാണണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുന്നു. ■

## കെ.എസ്.എസ്.ഐ.എ. യിൽ അംഗങ്ങളാകൂ: സംഘടനയുടെ അംഗബലം വർദ്ധിപ്പിക്കൂ

സംസ്ഥാന സർക്കാരും ചെറുകിട വ്യവസായ അസോസിയേഷനുമായുള്ള സുദീർഘമായ ബന്ധം നിലനിൽക്കുന്നതിലൂടെ, ജില്ല വ്യവസായ കേന്ദ്രവുമായി സംയുക്തമായി ചേർന്നു കൊണ്ട് അംഗസംഖ്യ വർദ്ധിപ്പിക്കുവാൻ നമുക്ക് സാധിക്കും. കേരളത്തിലെ എല്ലാ ജില്ലകളിലെയും പുതുസംരംഭകരെ പരമാവധി ചേർത്തു കൊണ്ട് ഈ വർഷം കെ.എസ്.എസ്.ഐ.എ. യുടെ അംഗബലം വൻതോതിൽ വർദ്ധിപ്പിക്കുക എന്നത് നമ്മുടെ സംഘടനയെ സംബന്ധിച്ചിടത്തോളം അഭിമാനകരമാണ്. കെ.എസ്.എസ്.ഐ.എ. അംഗത്വം എല്ലാ വർഷവും കൃത്യമായി പുതുക്കിയാൽ മാത്രമെ അസോസിയേഷന്റെ സുഗമമായി നടത്തിപ്പിനും കെ.എസ്.എസ്.ഐ.എ. ന്യൂസ് മുടക്കം ഇല്ലാതെ അംഗങ്ങൾക്ക് ലഭിക്കുന്നതിനും സാധിക്കുകയുള്ളൂ. എല്ലാവർഷവും അംഗത്വം പുതുക്കിയാൽ മാത്രമെ കെ.എസ്.എസ്.ഐ.എ. ന്യൂസിന്റെ വരിക്കാരാവാനും, കൂടാതെ സംഘടനയുടെ അംഗബലം വർദ്ധിപ്പിക്കാനും സാധിക്കുകയുള്ളൂ. സംഘടനയുടെ ശക്തി അംഗബലമാണ്. ആയതിനാൽ നിലവിലെ അംഗങ്ങളുടെ അംഗത്വം പുതുക്കുകയും പുതിയ അംഗങ്ങളെ ചേർത്ത് സംഘടനയുടെ ശക്തി വർദ്ധിപ്പിക്കാനും ശ്രമിക്കണമെന്ന് എല്ലാ ജില്ലാ ഭാരവാഹികളോടും അഭ്യർത്ഥിക്കുന്നു.

മുൻ സംസ്ഥാന കമ്മിറ്റി തീരുമാനപ്രകാരം എല്ലാ ജില്ലകളും സംസ്ഥാന സംഘടനയും ചേർന്ന് വയനാട് ചൂരൽമല, മുണ്ടക്കൈ എന്നീ സ്ഥലങ്ങളിൽ ഉണ്ടായ വൻ ദുരന്തത്തിൽ പങ്കാളികൾ ആവാമെന്ന് വാഗ്ദാനം നൽകിയിരുന്നുവല്ലോ. അത് പ്രകാരം ജില്ലകൾ അന്ന് പറഞ്ഞ പ്രകാരം വാഗ്ദാനം ചെയ്ത തുക ഏപ്രിൽ മാസം മുപ്പതാം തീയതിക്കുള്ളിൽ സംസ്ഥാന സംഘടന വയനാട് പുനരധിവാസത്തിനു വേണ്ടി തുടങ്ങിയ KSSIA Wayanad Rehabilitation Donation Fund എന്ന അക്കൗണ്ടിൽ അയച്ചു തരേണ്ടതാണ് എന്നുള്ള വിവരം കൂടി എല്ലാ കെ.എസ്.എസ്.ഐ.എ. ജില്ലാ ഭാരവാഹികളോടും അഭ്യർത്ഥിക്കുന്നു. ■

**എ. നിസാറുദ്ദീൻ**
**സംസ്ഥാന പ്രസിഡന്റ്**

## നമ്മുടെ വ്യവസായം

**വ്യ**വസായ സംബന്ധമായ സംശയങ്ങൾക്ക് വിദഗ്ധർ മറുപടി പറയുന്നു. കെ.എസ്.എസ്.ഐ.എ. ന്യൂസിലൂടെ വായനക്കാരുടെ പ്രതികരണങ്ങൾ ഞങ്ങൾ പ്രസിദ്ധികരിക്കുന്നു. E-Mail: kssianews@gmail.com, kssiastate@gmail.com





# കേന്ദ്ര പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാനത്ത് നടപ്പാക്കരുത്

**വോയിസ് ഓഫ് ജനറൽ സെക്രട്ടറി**

കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ഭേദഗതി വരുത്തിയ ജനുവരി മാസത്തിൽ ഇറക്കിയ പൊലൂഷൻ കൺട്രോൾ ബോർഡ് മാർഗ്ഗനിർദേശങ്ങൾ സംസ്ഥാനത്തെ വ്യവസായ മേഖലയ്ക്ക് വൻ ഭീഷണിയായിത്തീരും നിലവിലുള്ള വ്യവസായങ്ങൾക്ക് ദോഷകരമാണെന്ന് മാത്രമല്ല പുതിയ സംരംഭകർ ഈ മേഖലയിൽ കടന്നുവരുവാനും തടസ്സമായി നിൽക്കും ജലസ്രോതസ്സുകളിൽ നിന്നും റെഡ് കാറ്റഗറിയിൽപ്പെട്ട വ്യവസായങ്ങൾ 500 മീറ്റർ അകലവും, ഓറഞ്ച് കാറ്റഗറിയിൽപ്പെട്ട വ്യവസായങ്ങൾ 200 മീറ്റർ അകലവും, ഗ്രീൻ കാറ്റഗറിയിൽപ്പെട്ട വ്യവസായങ്ങൾ 100 മീറ്റർ അകലവും വേണമെന്നാന്ന് പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളിൽ പറഞ്ഞിരിക്കുന്ന നിബന്ധന. മാത്രമല്ല, ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവയിൽ ഈ അകലം പാലിക്കണമെന്നും വ്യവസ്ഥയുണ്ട് ഈ നിബന്ധന മൂലം നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എം എസ് എം ഇ കൾക്ക് മാത്രമല്ല വൻകിട വ്യവസായങ്ങൾക്കും പൊതുമേഖല സ്ഥാപനങ്ങളായ എഫ്.എ.സി.ടി, കൊച്ചി റിഫൈനറി തുടങ്ങിയ സ്ഥാപനങ്ങൾക്കും ഇത് ദോഷകരമായി ബാധിക്കും. കാരണം ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വ്യവസായ എസ്റ്റേറ്റുകളിൽ ഉൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങളും പുതിയ ദൂരപരിധി ഇല്ലാത്തവ ആയിരിക്കും. സ്ഥലപരിമിതിയും നാൽപ്പതിൽ അധികം നദികളും ഉള്ള നമ്മുടെ സംസ്ഥാനത്ത് കേന്ദ്ര പൊലൂഷൻ കൺട്രോൾ ബോർഡിന്റെ പുതിയ നിബന്ധന നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കുന്നത് പ്രായോഗികമല്ല. മറിച്ച് ഈ നിബന്ധന നടപ്പാക്കുകയാണെങ്കിൽ നിലവിലുള്ള മിക്കവാറും വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടേണ്ടി വരും എന്ന് മാത്രമല്ല അതിലെ ആയിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുകയും സർക്കാരിന് ഉണ്ടാകുന്ന നികുതിയിനത്തിലുള്ള സാമ്പത്തിക നഷ്ടവും ഉണ്ടാകും. വടക്കേ ഇന്ത്യയിലെ പ്രത്യേകിച്ച് ഡൽഹിയിലെ വായു മലിനീകരണവും, യമുനാ നദിയിലെ മാലിന്യ ജലവും എല്ലാം നിയന്ത്രിക്കാൻ കൊണ്ടുവന്ന ഈ നിയമം കേരളത്തിൽ നടപ്പാക്കാൻ സാധിക്കില്ല നടപ്പാക്കുകയാണെങ്കിൽ കേരളം വ്യവസായികമായ ഒരു ശവപ്പറമ്പ് ആകുമെന്ന് മാത്രമല്ല പുതിയ നിക്ഷേപകർ കടന്നുവരാനും വിമുഖത കാട്ടും. വ്യവസായ മേഖലയിൽ കേരളം കൈവരിച്ച നേട്ടം. ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സിനെ സാരമായി ബാധിക്കും.

മേൽപ്പറഞ്ഞ വസ്തുതകൾ കണക്കിലെടുത്ത് കേന്ദ്ര പൊലൂഷൻ കൺട്രോൾ ബോർഡിന്റെ പുതിയ മാർഗ്ഗനിർദേശങ്ങൾ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വ്യവസായങ്ങൾക്ക് ബാധകമാകാതിരിക്കാനും ഈ നിയമം കേരളത്തിൽ നടപ്പാക്കാതിരിക്കാനും ഉള്ള നടപടി സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ■

**ജോസഫ് പൈകട**
**ജനറൽ സെക്രട്ടറി**





# GST ചോദ്യോത്തര പംക്തി

ഡോ. (അഡ്വ.) കെ.എസ്. ഹരിഹരൻ
B.Com, LLB, MBA, LLM, Phd

## GST ഉദ്യോഗസ്ഥന് മുൻപിൽ ഒരിക്കൽ കൊടുത്ത മൊഴി പിന്നീട് പിൻവലിക്കാമോ?

ജി. എസ്.ടി. ഉദ്യോഗസ്ഥർ പരിശോധനക്കു വരുമ്പോൾ ബിസിനസുകാരിൽ നിന്നും എഴുതി വാങ്ങുന്ന മൊഴികൾ സംബന്ധിച്ചുള്ള ചോദ്യങ്ങൾക്ക് ഒരു മറുപടി ഇവിടെ നൽകുന്നു.

പലപ്പോഴും പരിശോധനക്കു വരുന്ന ഉദ്യോഗസ്ഥർ പറയുന്നതുപോലെ തന്നെ മൊഴി എഴുതി നൽകേണ്ടിവരുന്ന അവസ്ഥ നികുതിദായകർക്ക് ഉണ്ടാകുന്നതായി പല നികുതിധായകരും പറഞ്ഞു കേൾക്കുന്നു. ഒരുകൂട്ടം ഉദ്യോഗസ്ഥരുടെ മുന്നിൽ വച്ച് ഒരു സാധാരണ ബിസിനസുകാരൻ ഒറ്റക്കിരുന്ന് മൊഴി കൊടുക്കുന്ന സന്ദർഭം ഉണ്ടാകുന്നുണ്ട് എന്നും കേൾക്കുന്നു.

സുപ്രീംകോടതിയുടേത് ഉൾപ്പെടെയുള്ള പല വിധി ന്യായങ്ങളുടെയും വസ്തുതകളുടെയും പ്രത്യേക സാഹചര്യങ്ങളുടെയും കൂടി അടിസ്ഥാനത്തിൽ ഒരിക്കൽ ഉദ്യോഗസ്ഥരുടെ മുന്നിൽ കൊടുത്ത പല പ്രസ്താവനകളും മൊഴികളും തിരുത്താൻ സാഹചര്യം ഉണ്ട് എന്ന കാര്യം ഇവിടെ ആദ്യം സൂചിപ്പിക്കട്ടെ. ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യം വസ്തുതകളും സാഹചര്യങ്ങളും ഒക്കെ ഇതിന് അടിസ്ഥാന ഘടകങ്ങളാണ് എന്നതും കൂടിയാണ്.

ഒരു സ്ഥാപനത്തിൽ പരിശോധന നടക്കുമ്പോൾ എസ്റ്റിമേറ്റ് സ്ലിപ്പ് പോലെയുള്ള പേപ്പറുകളോ കൊട്ടേഷൻ കൊടുത്തതിന്റെ വിവരങ്ങളോ അല്ലെങ്കിൽ ഏതെങ്കിലും കുത്തിക്കുറിച്ചു വച്ചിരിക്കുന്ന പല വിവരണങ്ങളും അടങ്ങിയ ഏതെങ്കിലും ബുക്കുകളോ മറ്റു രേഖകളോ ബിസിനസ് സ്ഥലത്തു നിന്ന് കണ്ടുപിടിച്ചാൽ അത്



തന്റെ ബിസിനസിന്റെ വിട്ടുപോയ ട്രാൻസാക്ഷൻ ആണ് എന്ന് ഉദ്യോഗസ്ഥർ ആരോപിക്കുകയും അത് പ്രസ്തുത വ്യക്തിയിൽ നിന്ന് മൊഴിയായി എഴുതി വാങ്ങുകയും ചെയ്യുന്നു എന്ന അവസ്ഥയിൽ ഇനിയെന്തു ചെയ്യണം എന്ന ഒരു ചോദ്യം പലരും ചോദിക്കാറുണ്ട്. ഒരുപക്ഷേ അതൊക്കെ ഒറ്റപ്പെട്ട സംഭവങ്ങൾ ആയിരിക്കാം.

ബിസിനസ്സുകാർ താൻ കൊടുക്കുന്ന അത്തരം സ്റ്റേറ്റ്മെന്റുകൾ അല്ലെങ്കിൽ മൊഴികൾ തന്റെ ജി.എസ്.ടി. അസ്സെസ്മെന്റുകളുമായി ബന്ധപ്പെട്ട് വൻ ബാധ്യത ഭാവിയിൽ വരുത്തിവെക്കും എന്ന് ശ്രദ്ധിക്കാറില്ല. ആയതിനാൽ ഏത് സർക്കാർ ഉദ്യോഗസ്ഥരുടെ മുന്നിലും പ്രത്യേകിച്ച് നികുതിയുമായി ബന്ധപ്പെട്ട് ഒരു ബിസിനസുകാരൻ നൽകുന്ന സ്റ്റേറ്റ്മെന്റുകൾ അല്ലെങ്കിൽ മൊഴികൾ വളരെയേറെ ജാഗ്രതയോടെ മാത്രമേ നൽകാവൂ. ഉദ്യോഗസ്ഥരുടെ മുന്നിൽ ഒരു നികുതി ദായകൻ അല്ലെങ്കിൽ നികുതി സംബന്ധിച്ച എന്തെങ്കിലും കാര്യത്തിന് സാക്ഷിയാകുന്ന ആൾ നൽകുന്ന സ്റ്റേറ്റ്മെന്റ് തെറ്റായിപ്പോയിയെന്നു തോന്നിയാൽ ഏറ്റവും അടുത്ത സമയം, കൂടിപ്പോയാൽ അടുത്ത പ്രവർത്തി ദിവസത്തിനുള്ളിൽ അല്ലെങ്കിൽ രണ്ടോ മൂന്നോ ദിവസത്തിനുള്ളിൽ മാത്രമേ അത് പിൻവലിക്കാൻ അല്ലെങ്കിൽ റിട്രാക്ഷൻ സ്റ്റേറ്റ്മെന്റ് നൽകാൻ സാധിക്കുകയുള്ളൂ എന്ന് പൊതുവേ പറയാം മതിയായ കാരണങ്ങൾ ഉണ്ടെങ്കിൽ അല്പം കൂടി വൈകിയാലും റിട്രാക്ഷൻ സ്റ്റേറ്റ്മെന്റ് അല്ലെങ്കിൽ നേരത്തെ നൽകിയ മൊഴി/സ്റ്റേറ്റ്മെന്റ് പിൻവലിക്കുന്നു എന്ന നടപടി നടത്താവുന്നതാണ്. ഉദാഹരണത്തിന് ഒരു സ്ഥാപനത്തിൽ ജിഎസ്ടി ഉദ്യോഗസ്ഥർ ഏപ്രിൽ ഒന്നാം തീയതി ഇൻസ്പെക്ഷൻ നടത്തി എന്ന് വിചാരിക്കുക അന്ന് അവിടത്തെ സ്ഥാപന ഉടമയയിൽ നിന്നോ സ്ഥാപനത്തിന്റെ മാനേജരിൽ നിന്നോ എന്തെങ്കിലും സ്റ്റേറ്റ്മെന്റുകൾ അല്ലെങ്കിൽ മൊഴികൾ ഏപ്രിൽ ഒന്നാം തീയതി വാങ്ങിയിരുന്നു എന്ന് വിചാരിക്കുക. ഏപ്രിൽ രണ്ടാം തീയതിയോ മൂന്നാം തീയതിയോ ഒക്കെ താൻ നൽകിയ സ്റ്റേറ്റ്മെന്റുകൾ തെറ്റായിരുന്നു ഭീഷണിയുടെയും ബലപ്രയോഗത്തിന്റെയും ഘടകങ്ങൾ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും അതിൽ ഉണ്ടായിരുന്നു എന്നുറപ്പുണ്ടെങ്കിൽ അല്ലെങ്കിൽ മറ്റേതെങ്കിലും ശരിയായ സത്യസന്ധമായ വസ്തുതയുണ്ടെങ്കിൽ താൻ നേരത്തെ നൽകിയ സ്റ്റേറ്റ്മെന്റുകൾ നൽകുമ്പോൾ ശരിയായ വസ്തുതയല്ല നൽകിയിട്ടുള്ളത് അതിനാൽ പിൻവലിക്കുന്നു എന്ന് എഴുതി നൽകിയാൽ അത് നിയമപ്രകാരം നിലനിൽക്കും എന്നാണ് വിവിധ കോടതിവിധികളുടെയും ഒക്കെ പശ്ചാത്തലത്തിൽ വ്യാഖ്യാനിക്കാൻ പറ്റുക. എന്നാൽ ഏപ്രിലിൽ നടന്ന ഇൻസ്പെക്ഷനുമായി ബന്ധപ്പെട്ട ഷോക്കോസ് നോട്ടീസ് സെപ്റ്റംബറിൽ കിട്ടി എന്ന് വിചാരിക്കുക. ആ ഷോക്കോസ് നോട്ടീസിനോടൊപ്പമാണ് മൊഴിയുടെ പകർപ്പ് ലഭിച്ച തെന്നുണ്ടെങ്കിൽ ഏപ്രിൽ മാസം നൽകിയ മൊഴികൾ ബലപ്രയോഗത്തിലൂടെ ഉദ്യോഗസ്ഥർ കരസ്ഥമാക്കിയ താണ് എന്ന വസ്തുതകൾ ഉണ്ടെങ്കിൽപ്പോലും അപ്രകാരം പറഞ്ഞാൽ പൊതുവേ കോടതികൾ അത് സ്വീകരിക്കണ മെന്നില്ല. കേരള സ്റ്റേറ്റ് ജി എസ് ടി ഡിപ്പാർട്ട്മെന്റ് പല പരിശോധനകളും നടക്കുമ്പോൾ എടുക്കുന്ന സ്റ്റേറ്റ്മെന്റുകൾ അല്ലെങ്കിൽ മൊഴികളുടെ പകർപ്പുകൾ നികുതിദായകന് ലഭ്യമാക്കുന്നത് ഷോക്കോസ് നോട്ടീസിനോടൊപ്പം (SCN) ഉള്ള റിലൈഡ് അപ്പോൺ ഡോക്കുമെന്റ് (RUD)ന്റെ കൂടെയാണ്.

എന്നാൽ സെൻട്രൽ ജി.എസ്.ടി. ഇന്റലിജൻസ് വിങ്ങിന്റെ പരിശോധനയിൽ ആ സ്പോട്ടിൽ വച്ച് തന്നെ മൊഴികളു



ടെ പകർപ്പ് നൽകാറുണ്ട്. സ്റ്റേറ്റ് ജി.എസ്.ടി. ഡിപ്പാർ ട്ട്മെന്റ് ഷോക്കോസ് നോട്ടീസിനോടൊപ്പം മാത്രം മൊഴിപ്പ കർപ്പ് തരുന്നതിനാൽ നിയമങ്ങൾ വ്യാഖ്യാനിക്കുമ്പോൾ തന്റെ ശ്രദ്ധയിൽ ആദ്യമായി മൊഴിയുടെ പല ഭാഗങ്ങളും വരുന്നത് ഇപ്പോഴാണ് എന്നും ഷോക്കോസ് നോട്ടീസി നോടൊപ്പം വന്ന മൊഴികളുടെ പകർപ്പ് വായിച്ചപ്പോൾ മാത്രമാണ് താൻ ഉദ്ദേശിക്കാത്ത കാര്യങ്ങൾ മൊഴിയിൽ പറഞ്ഞിട്ടുണ്ട് അല്ലെങ്കിൽ ബലപ്രയോഗത്തിൽ ജി.എസ്. ടി. ഡിപ്പാർട്ട്മെന്റ് എഴുതി വാങ്ങിയിട്ടുണ്ട് എന്ന് സമർ ദ്ധിക്കാൻ സാധിച്ചാൽ ആ വാദം അനുസരിച്ച് ആദ്യത്തെ മൊഴി പിൻവലിക്കൽ അല്ലെങ്കിൽ റിട്രാക്ഷൻ നടത്താൻ സാധ്യതയേറുന്നു. ഇതു സംബന്ധിച്ച് സാമ്പത്തിക നിയമങ്ങളിൽ ബഹുമാനപ്പെട്ട പരമോന്നത കോടതി നടത്തിയ പല പരാമർശങ്ങളും ഇവിടെ പ്രസക്തമാണ്.

ഏതെങ്കിലും നികുതി ദായകൻ അപ്രകാരമുള്ള അവസ്ഥ നേരിടുന്നുണ്ടെങ്കിൽ താഴെ ചേർ ത്തിട്ടുള്ള വിധിന്യായ ങ്ങളുടെ ചെറിയ സംഗ്രഹത്തിന്റെ പശ്ചാത്തലത്തിൽ റിട്രാക്ഷൻ സ്റ്റേറ്റ്മെന്റ് സമർപ്പി ക്കാൻ പറ്റുമോ എന്ന് മനസ്സിലാ ക്കുക.



### സുപ്രീംകോടതിയുടെ റിട്രാക്ഷ നുമായി ബന്ധപ്പെട്ട ചില വിധി ന്യായങ്ങളുടെ ചെറു സംഗ്രഹം:

കിഷോർ ലാൽ Vs. ചൽറ്റിബായ് AIR 1959 SC 504 എന്ന കേസിൽ സുപ്രീം കോടതി തെളിവ് നിയമത്തിലെ സെക്ഷൻ 31 (ഇപ്പോൾ BSA, 2023 ലെ സെക്ഷൻ 25) പ്രകാരം തെളിവ് മൊഴി പിന്നീട് പിൻവലിച്ചാൽ ആദ്യ മൊഴിയുടെ നിലനിൽപ്പില്ലായ്മ ഉണ്ടാവും എന്ന കാര്യവും നിരീക്ഷിച്ചു '. . . ഒരു കക്ഷി സ്വയം സത്യമാണെന്ന് സമ്മതിക്കുന്നത് ന്യായമായും അങ്ങനെയാണെന്ന് അനുമാനിക്കാമെന്നും അനുമാനം നിരാകരിക്കുന്നതു വരെ, സമ്മതിച്ച വസ്തുത സ്ഥാപിക്കപ്പെട്ടതായി കണക്കാക്കണമെന്നും അതിനാൽ, മറ്റുവിധത്തിൽ തെളിയിക്കപ്പെടുകയോ വിരുദ്ധമാകുക യോ പിൻവലിക്കു കയോ ചെയ്തില്ലെങ്കിൽ, ചില വസ്തുതാപ രവും നിയമപരവുമായ നിലപാടുകൾ സ്ഥാപിക്കുന്നതിന് പലപ്പോഴും മൊഴികൾ ഉപയോഗിക്കുന്നു.

അതിനാൽ, നൽകിയ ഏതെങ്കിലും തെറ്റായ പ്രസ്താവന തിരുത്തുന്നതിന് 'പിൻവലിക്കൽ' എന്നത് വിലയിരു ത്തുന്നയാളുടെ കൈയിലുള്ള ഒരു പ്രധാന ഉപകരണ മാണ്. പിൻവലിക്കൽ' എന്നാൽ പിൻവലി ക്കേണ്ട ഒരു അഭ്യർത്ഥന, ഓഫർ അല്ലെങ്കിൽ പ്രസ്താവന എന്നാണ് അർത്ഥമാക്കുന്നത്. മുമ്പ് പറഞ്ഞ എന്തെങ്കിലും തിരികെ എടുക്കുക എന്നാണ് ഇതിനർത്ഥം. അങ്ങനെ, ഒരു ഓഫറോ പ്രസ്താവനയോ തിരികെ എടുക്കുന്ന പ്രവൃത്തി, അല്ലെങ്കിൽ അത് സമ്മതിക്കുന്ന പ്രവൃത്തി തെറ്റായ ഒരു പ്രസ്താവനയെ 'പിൻവലിക്കൽ' എന്ന് വിളിക്കാം. പിൻവ ലിക്കലിന്റെ കാരണങ്ങളും ആവശ്യകതയും:

പൊതുവേ, പ്രസ്താവന പിൻവലിക്കേണ്ടതിന്റെ പ്രധാന കാരണങ്ങൾ അല്ലെങ്കിൽ ആവശ്യകത ഇനിപ്പറയുന്ന സാഹചര്യങ്ങളിൽ ആവശ്യമാണെന്ന് തോന്നുന്നു: തെറ്റായതോ അസത്യമോ ആയ പ്രസ്താവന നടത്തിയ സാഹചര്യത്തിൽ. വസ്തുതകളെക്കുറിച്ചുള്ള തെറ്റിദ്ധാര ണയോ ഉള്ള പ്രസ്താവന. സമ്മർദ്ദം, ഭീഷണി അല്ലെങ്കിൽ നിർബന്ധം എന്നിവയാൽ സ്വമേധയാ നടത്തിയ പ്രസ്താ വന. ലഭ്യമായ അപൂർണ്ണമായ രേഖകൾ അല്ലെങ്കിൽ രേഖകൾ അടിസ്ഥാനമാക്കിയുള്ള പ്രസ്താവന. അപൂർവ്വ സമയങ്ങളിലും മാനസിക സമ്മർദ്ദത്തിലോ നിർബന്ധ ത്തിലോ നൽകിയ പ്രസ്താവന. ഒരു കേസിൽ ഉൾപ്പെടുന്നില്ലെന്ന് ഒരു സാക്ഷി തീരുമാ നിക്കുമ്പോൾ, ഒരു നടപടി ക്രമത്തിൽ നടത്തിയ തെറ്റായ പ്രസ്താവനകൾ പിൻവലിക്കാനോ തിരുത്താനോ ആഗ്രഹിക്കുന്ന വ്യക്തിക്ക് ലഭ്യമായ ഒരു പരിഹാരമായി പിൻവലിക്കൽ കണക്കാക്കാം. ഒരു പ്രസ്താവനയിൽ ഒരു സമ്മതം നൽകിയാലും, എല്ലാ കേസുകളിലും അത് നിർണായക മാണെന്ന് കണക്കാ ക്കാനാവില്ല, പ്രത്യേകിച്ച് നികുതിദായകനോ പ്രസ്താ വന രേഖപ്പെടുത്തിയ മറ്റേതെങ്കിലും വ്യ ക്തിയോ അത് പിൻവലിക്കാൻ ശ്രമിക്കുകയും സത്യസന്ധവും വ്യക്തവുമായ കാരണം കാണി ക്കുകയും ചെയ്യുമ്പോൾ. സതീന്ദർ കുമാർ (HUF) v. CIT [1977] 106 ITR 64(SC) കേസിൽ ഇങ്ങനെ വിധിച്ചു: 'ഒരു നികുതിദായൻ നടത്തുന്ന കുറ്റസമ്മതം ഒരു പ്രസക്തമായ തെളിവാണ് എന്നത് ശരിയാണ്, എന്നാൽ തെറ്റായ ധാ രണയുടെ അടിസ്ഥാനത്തിലോ വസ്തുതകളെക്കുറിച്ചുള്ള തെറ്റി ദ്ധാരണയുടെ അടിസ്ഥാനത്തിലോ അസത്യമായ വസ്തുതകളുടെ അടിസ്ഥാനത്തിലോ ആണ് താൻ കു റ്റസമ്മതം നടത്തിയതെന്ന് നികുതിദായൻ വാദിക്കുക യാണെങ്കിൽ, മുകളിൽ പറഞ്ഞ വാദം ആദ്യം പരിഗണി ക്കാതെ അത്തരമൊരു കുറ്റസമ്മതത്തെ ആശ്രയിക്കാൻ കഴിയില്ല' ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 20(3) ഒരു കുറ്റകൃത്യത്തിൽ ആരോപിക്കപ്പെട്ട ഒരു വ്യക്തിയെ യും സ്വയം കുറ്റക്കാരനാക്കാൻ സാധ്യതയുള്ള തെളിവു കളോ സാക്ഷ്യമോ നൽകാൻ നിർബന്ധിക്കരുതെന്ന് ഉറപ്പാക്കുന്നുണ്ട്.

പിൻവലിക്കപ്പെട്ട പ്രസ്താവനയുടെ സ്വീകാര്യത യെക്കുറി ച്ചുള്ള നിയമപരമായ നിലപാട് നന്നായി പരിഹരിക്കപ്പെ

ട്ടിരിക്കുന്നു. ഒന്നാമതായി, അത് പിൻവലിച്ചാൽ അതിന്റെ ഭാരം കുറയും, രണ്ടാമതായി, ഡ്യൂട്ടി ഡിമാൻഡ് സ്ഥിരീകരിക്കുന്നതിനോ പ്രതിയെ പ്രോസിക്യൂട്ട് ചെയ്യുന്നതിനോ ഉള്ള ഏക അടിസ്ഥാന മാകാൻ കഴിയില്ല. അന്വേഷണത്തിനിടെ രേഖപ്പെടുത്തിയ പ്രസ്താവന പിൻവലിച്ചാൽ മറ്റ് സ്വതന്ത്ര സ്രോതസ്സുകൾ അത് സ്ഥിരീകരിക്കേണ്ടതുണ്ട്, അല്ലെങ്കിൽ ജുഡീഷ്യൽ നടപടികളിൽ അത് ആശ്രയിക്കാൻ കഴിയില്ല. [F. താജുദ്ദീൻ Vs. യൂണിയൻ ഓഫ് ഇന്ത്യ 2015 (317) ELT 177 (SC). കെ.ടി.എം.എസ്. മൊഹമ്മദ്. യൂണിയൻ ഓഫ് ഇന്ത്യ, (1992) 3 SCC 178 കൂടാതെ ഖണ്ഡിക 34-ൽ നടത്തിയ നിരീക്ഷണങ്ങളിലേക്ക് ബഹുമാനപ്പെട്ട സുപ്രീം കോടതി ശ്രദ്ധ ക്ഷണിച്ചു.

'ഈ നിയമപരമായ വശത്തെക്കുറിച്ചുള്ള എല്ലാ തീരുമാനങ്ങളും പുനഃപരിശോധിക്കേണ്ടതില്ലെന്ന് ഞങ്ങൾ കരുതുന്നു. എന്നാൽ ഈ കോടതിയുടെ എല്ലാ തീരുമാനങ്ങളുടെയും കാതൽ കസ്റ്റം അധികാരി കൾക്കോ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്കോ മുമ്പാകെ അതത് നിയമങ്ങളിലെ പ്രസക്തമായ വകുപ്പുകൾ പ്രകാരം നൽകുന്ന സ്വമേധയാ ഉള്ള ഒരു പ്രസ്താവനയാണ്, ഒരു കാര്യത്തിലും നടപടി യെടുക്കാൻ പാടില്ലാത്തതും, ഏതെങ്കിലും ഉദ്ദേശത്തോടെ, ഏതെങ്കിലും പ്രേരണയാൽ ലഭിച്ചതായി തോന്നുന്ന പക്ഷം, പ്രേരണയോ പ്രേരണമുഖേനയോ മൊഴി ലഭിച്ചതായി തോന്നിയാൽ അത് തള്ളിക്കളയണം. അതേസമയം, ഒരു പ്രസ്താവന പിൻവലിച്ചതുകൊണ്ട് മാത്രം, അത് സ്വമേധയാ അല്ലെങ്കിൽ നിയമവിരുദ്ധമായി നേടിയതായി രേഖപ്പെടുത്താൻ കഴിയില്ലെന്നത് ശ്രദ്ധിക്കേണ്ടതാണ്......

എന്നിരുന്നാലും, പ്രസ്താവന രേഖപ്പെടുത്തിയ ഉദ്യോഗസ്ഥനെതിരെ പ്രേരണ, ഭീഷണി തുടങ്ങിയ ആരോപണങ്ങൾ സ്ഥാപിക്കുന്നതിൽ പ്രസ്താവന ക്കാരൻ പരാജയപ്പെട്ടാലും, ബന്ധപ്പെട്ട അഡ്ജഡിക്കേ റ്റിംഗ് അധികാരികൾ തന്റെ ബാധ്യതകളിൽ നിന്ന് പൂർണ്ണമായി മോചിപ്പിക്കപ്പെടുന്നില്ല, കുറഞ്ഞത് ആത്മനിഷ്ഠമായി തന്റെ മനസ്സ് പ്രയോഗിച്ചുകൊണ്ട് തുടർന്നുള്ള നടപടികൾ വേണം..... ഫെറയുടെയോ കസ്റ്റംസ് ആക്ടിന്റെയോ വകുപ്പുകൾ ലംഘിച്ച ഒരു തടവുകാരന്റെ കുറ്റകരമായ മൊഴിയുടെ അടിസ്ഥാനത്തിൽ തടങ്കൽ ഉത്തരവ് പുറപ്പെടുവി ക്കുമ്പോൾ പോലും, തടങ്കലിൽ വയ്ക്കുന്ന അധികാരി തുടർന്നുള്ള പിൻവലിക്കൽ പരിഗണിക്കണമെന്നും നിർദ്ദേശം സ്വീകരിക്കുന്നതിന് മുമ്പ് അഭിപ്രായം രേഖപ്പെടുത്തേണ്ടതുണ്ട്.■

**അസോസിയേഷന്റെ ജി.എസ്.റ്റി. & സെൻട്രൽ എക്സൈസ് കമ്മിറ്റി ചെയർമാൻ ആണ് ലേഖകൻ**
**✆ 98462 27555, 79024 43188, 79070 00401**






# വിജയത്തുടർച്ച

## പി.എം.എഫ്.എം.ഇ. പദ്ധതിയിൽ തുടർച്ചയായ രണ്ടാം വർഷവും ലക്ഷ്യം പൂർത്തീകരിച്ചു കേരളം



സൂരജ് എസ്.



ഭക്ഷ്യ സംസ്കരണ മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്ക് മുതൽ മുടക്കിന്റെ 35 ശതമാനം വരെ സബ്സിഡിയോടു കൂടിയ സംരംഭക മൂലധന വായ്പാ പിന്തുണ ലഭ്യമാക്കുന്ന പ്രധാൻമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസസ് (പി.എം.എഫ്.എം.ഇ.) പദ്ധതിയിൽ തുടർച്ചയായ രണ്ടാം വർഷവും നൽകപ്പെട്ട ലക്ഷ്യം പൂർത്തീകരിച്ചു കേരളം. സംസ്ഥാന വ്യവസായ ഡയറക്ടറേറ്റിന്റെ കൃത്യമായ ആസൂത്രണവും ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ മികവാർന്ന നേതൃപാടവവും ആണ് കേരളത്തിന് അഭിമാന നേട്ടം സമ്മാനിച്ചത്.

2024-25 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിനു കീഴിലെ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം (MoFPI) കേരള സംസ്ഥാനത്തിനായി 3000 വ്യക്തിഗത വായ്പാ അപേക്ഷകളായിരുന്നു ലക്ഷ്യമായി നൽകിയിരുന്നത്. നൽകപ്പെട്ട ലക്ഷ്യവും മറികടന്ന് മികവാർന്ന ലക്ഷ്യപൂർത്തീകരണമാണ് സംസ്ഥാനം കാഴ്ചവച്ചത്. 2025 മാർച്ച് 31 വരെയുള്ള കാലയളവിൽ 35% ക്രെഡിറ്റ് ലിങ്ക്ഡ് ഗ്രാന്റ് ലഭിക്കുന്നതിന് യൂണിറ്റുകൾക്ക് സംസ്ഥാനം 3116 വായ്പകൾക്കാണ് അനുവാദം നൽകിയത്. അതായത് 104% മാണ് ലക്ഷ്യ പൂർത്തീകരണം.

ഭക്ഷ്യസംസ്കരണ-മൂല്യവർദ്ധിത മേഖലകളിൽ സംസ്ഥാനത്തെ





വിപുലമായ അവസരങ്ങളും സാധ്യതകളും പ്രയോജനപ്പെടുത്തുന്നതിനായി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് സംസ്ഥാന നോഡൽ ഡിപ്പാർട്ട്മെന്റ് (SND) ആയും ജില്ലാ വ്യവസായ കേന്ദ്രങ്ങൾ ഡിസ്ട്രിക്ട് നോഡൽ പോയിന്റ് (ഡിഎൻപി) ആയും പ്രവർത്തിക്കുന്നു. വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെബിപ്പ്) ആണ് പദ്ധതി നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസി.

പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനും ലക്ഷ്യപൂർത്തീകരണത്തിനും ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മികവാർന്ന പ്രകടനമാണ് കാഴ്ചവച്ചത്. ജില്ലാ/പ്രാദേശിക തലത്തിൽ പിഎംഎഫ്എംഇ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് പിന്തുണ നൽകുന്നതിനും അപേക്ഷകൾ ശേഖരിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും 14 ജില്ലകളിൽ 230 ജില്ലാ റിസോഴ്സ് പേഴ്സൺസിനെയാണ് (DRPs) നിയമിച്ചിരുന്നത്. ജില്ലാ റിസോഴ്സ് പേഴ്സൺസിന് വേണ്ട നിർദ്ദേശങ്ങൾ നൽകി ഓരോ ചുവടും ആയാസരഹിതമാക്കിയത് ജില്ലാ നോഡൽ ഓഫീസർ (DNO) ആയിരുന്നു. പദ്ധതിയുടെ സുഗമമായ നടത്തിപ്പും ഏകോപനവും സാധ്യമാക്കിയ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരുടെ സേവനങ്ങളും സ്തുത്യർഹമാണ്. കൂടാതെ ഇവർക്കൊപ്പം സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി (എസ്എൽബിസി)യുടെയും സംസ്ഥാനത്തുടനീളമുള്ള 20 ഓളം ബാങ്കുകളുടെയും പിന്തുണ കൊണ്ട് കൂടിയാണ് 2024-25 സാമ്പത്തിക വർഷത്തിൽ കേന്ദ്ര ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം നിശ്ചയിച്ച ലക്ഷ്യത്തിനുമപ്പുറം 104% വിജയം കൈവരിക്കാൻ നമ്മുടെ സംസ്ഥാനത്തിന് സാധിച്ചത്.

## തുടരുന്ന വിജയഗാഥ

2023-24 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിനു കീഴിലെ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം (MoFPI) കേരള സംസ്ഥാനത്തിനായി 2526 വ്യക്തിഗത വായ്പാ അപേക്ഷകളായിരുന്നു ലക്ഷ്യമായി നൽകിയിരുന്നത്. നൽകപ്പെട്ട ലക്ഷ്യവും മറികടന്ന് മികവാർന്ന ലക്ഷ്യപൂർത്തീകരണമാണ് മുൻ സാമ്പത്തിക വർഷം സംസ്ഥാനം കാഴ്ചവച്ചത്. 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ 35% ക്രെഡിറ്റ് ലിങ്ക്ഡ് ഗ്രാന്റ് ലഭിക്കുന്നതിന് വ്യക്തിഗത വിഭാഗത്തിന് കീഴിൽ സംസ്ഥാനം 2548 വായ്പകൾക്കായിരുന്നു അനുവാദം നൽകിയത്. അതായത് 102% ലക്ഷ്യ പൂർത്തീകരണം. ഈ പ്രകടനത്തോടെ 2023-24 സാമ്പത്തിക വർഷത്തിൽ ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി വിഭാഗത്തിന് കീഴിൽ അനുവദിച്ച വായ്പകളുടെ സംസ്ഥാനാടിസ്ഥാനത്തിലുള്ള റാങ്കിംഗിൽ ദേശീയ തലത്തിൽ കേരളം മൂന്നാം സ്ഥാനം കരസ്ഥമാക്കിയിരുന്നു.

**കെ-ബിപ്പ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആണ് ലേഖകൻ**

# ചെറുകിട വ്യവസായങ്ങളുടെ നിർവചനം മാറുന്നു



ടി.എസ്. ചന്ദ്രൻ

ചെറുകിട വ്യവസായങ്ങളുടെ നിർവചനത്തിൽ വലിയ മാറ്റം വരുത്തിയിരിക്കുകയാണ് കേന്ദ്രസർക്കാർ. 2025-26 വർഷത്തിൽ കേന്ദ്ര ബജറ്റ് അവതരിപ്പിച്ചുകൊണ്ട് ധനകാര്യ മന്ത്രി ശ്രീമതി. നിർമല സീതാരാമൻ ആണ് ഈ കാര്യം അറിയിച്ചത്. വ്യവസായങ്ങളുടെ നിക്ഷേപത്തിന്റെ കാര്യത്തിൽ രണ്ടര മടങ്ങും വിറ്റ് വരവിന്റെ കാര്യത്തിൽ രണ്ടു മടങ്ങും വർദ്ധനവാണ് പുതിയ നിർവചനം അനുസരിച്ച് വരുത്തിയിരിക്കുന്നത്. നിർവചനത്തിലെ ഈ മാറ്റങ്ങൾ 2025 ഏപ്രിൽ ഒന്നു മുതൽ പ്രാബല്യത്തിൽ വരും.

## പുതിയ നിർവചനം

**സൂക്ഷ്മ സംരംഭം:** എന്നാൽ പ്ലാന്റിലും മെഷിനറിയിലും ഉപകരണങ്ങളിലും ഉള്ള നിക്ഷേപം രണ്ടര കോടി രൂപ അധികരിക്കാതെയും വാർഷിക വിറ്റു വരവ് പത്ത് കോടി അധികരിക്കാതെയും ഉള്ളവ. (നേരത്തെ ഇത് യഥാക്രമം 1, 5 ആയിരുന്നു)

**ചെറുകിട സംരംഭം:** എന്നാൽ പ്ലാൻറ്, മെഷീനറി, ഉപകരണങ്ങൾ എന്നിവയിലെ നിക്ഷേപം 25 കോടിയിൽ അധികരിക്കാതെ ഇരിക്കുകയും വാർഷിക വിറ്റ് വരവ് 100 കോടിയിൽ അധികരിക്കാതിരിക്കുകയും വേണം. (നേരത്തെ ഇത് യഥാക്രമം 10, 50 ആയിരുന്നു)

**ഇടത്തരം സംരംഭം:** എന്നാൽ പ്ലാന്റ് മെഷിനറി, ഉപകരണങ്ങൾ എന്നിവയിലെ നിക്ഷേപം 125 കോടിയിൽ അധികരിക്കാതിരിക്കുകയും വിറ്റു വരവ് 500 കോടിയിൽ അധികരിക്കാതിരിക്കുകയും വേണം. (നേരത്തെ ഇത് യഥാക്രമം 50, 250 ആയിരുന്നു)




ഇവയ്ക്കു മുകളിൽ വരുന്നവ വൻകിട സംരംഭങ്ങളാണ്

സംയുക്ത മാനദണ്ഡങ്ങളിൽ ഏതെങ്കിലും ഒരു മാനദണ്ഡത്തിൽ വ്യത്യാസം വന്നാൽ കാറ്റഗറിയും മാറും. എന്നിരുന്നാലും ഒരു സ്ഥാപനത്തിന് ഉയർന്ന കാറ്റഗറിയിൽ മാത്രമേ മാറാൻ കഴിയൂ.

കയറ്റുമതി ചെയ്യുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച് അതിന്റെ മൂല്യം ഒഴിവാക്കി കൊണ്ടുള്ള വിറ്റു വരവ് മാത്രമേ കണക്കാക്കുകയുള്ളൂ.

## ലക്ഷ്യങ്ങൾ

- സ്ഥാപനങ്ങളുടെ ശേഷി ഉയർത്തുന്നതിൽ കാര്യക്ഷമത കൈവരിക്കുക.
- മികച്ച സാങ്കേതിക വിദ്യകൾ ലഭ്യമാക്കുക.
- മെച്ചപ്പെട്ട ക്യാപ്പിറ്റൽ ലഭ്യമാക്കുക.

## ഉദ്യം രജിസ്ട്രേഷൻ തുടരും

ചെറുകിട വ്യവസായങ്ങൾക്ക് നൽകിവരുന്ന ഉദ്യം രജിസ്ട്രേഷനിൽ മാറ്റം വരുത്തിയിട്ടില്ല. സംരംഭകർക്ക് രാജ്യത്താകമാനം ഒരു യൂണിക് നമ്പർ ആണ് ഉദ്യം രജിസ്ട്രേഷൻ വഴി ലഭിക്കുക. സർക്കാർ സാമ്പത്തിക ആനുകൂല്യങ്ങൾക്കെല്ലാം ഇപ്പോൾ ഉദ്യം രജിസ്ട്രേഷൻ നിർബന്ധമാണ്.

## ഉദ്യം രജിസ്ട്രേഷന്റെ പ്രത്യേകതകൾ

- എസ്എസ് ഐ രജിസ്ട്രേഷൻ സംരംഭകർക്ക് സുപരിചിതമാണ്. അത് പരിഷ്കരിച്ച് എം.എസ്.എം. ഇ മെമ്മോറാണ്ടം, ഉദ്യോഗ് ആധാർ എന്നീ രജിസ്ട്രേഷനുകൾ SSI യുടെ സ്ഥാനത്ത് നൽകി വന്നു. നിലവിലുള്ള ചെറുകിട വ്യവസായങ്ങളുടെ രജിസ്ട്രേഷൻ ഉദ്യം രജിസ്ട്രേഷൻ ആണ്.
- 2020 ജൂലൈ ഒന്നു മുതലാണ് ഉദ്യം രജിസ്ട്രേഷൻ നിലവിൽ വന്നത്.
- സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്നവർ കേന്ദ്രസംസ്ഥാന സർക്കാർ ആനുകൂല്യങ്ങൾ ലഭിക്കണമെന്നുണ്ടെങ്കിൽ നേടിയിരിക്കേണ്ട ഒരു രജിസ്ട്രേഷൻ ആണ് ഇത്.

- ഇത് ഒരു സ്റ്റാറ്റിയൂട്ടറി രജിസ്ട്രേഷൻ അല്ല. എന്നാൽ ചില ആനുകൂല്യങ്ങളും സംരക്ഷണവും ലഭിക്കുന്നതിന് ഈ രജിസ്ട്രേഷൻ ആവശ്യമാണ്. ഉദാഹരണമായി ബാങ്ക് വായ്പകൾക്ക് പലിശ ആനുകൂല്യങ്ങൾ, മുൻ മുൻഗണന, ടെണ്ടർ സൗജന്യങ്ങൾ, സബ്സിഡി എന്നിവ.
- ഒരു സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്ന വ്യക്തി ഓൺലൈനായി പുതിയ ഉദ്യം രജിസ്ട്രേഷൻ എടുക്കാവുന്നതാണ്.
- ഉദ്യം രജിസ്ട്രേഷൻ പോർട്ടറിൽ കയറി സ്വയം സാക്ഷ്യപ്പെടുത്തിയ രേഖകളുടെ അടിസ്ഥാനത്തിൽ അപേക്ഷ സമർപ്പിക്കാം.
- രേഖകൾ ഒന്നും തന്നെ അപ്‌ലോഡ് ചെയ്യേണ്ടതില്ല.

**ആധാറുമായി തന്റെ സംരംഭത്തെ ബന്ധപ്പെടുത്തുന്നു എന്നുള്ളതാണ് ഉദ്യം രജിസ്ട്രേഷന്റെ പ്രധാന സവിശേഷത.**

- രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായാൽ രജിസ്ട്രേഷൻ നമ്പറും തുടർന്ന് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ലഭിക്കും.
- പോർട്ടലിൽ കാണുന്ന രജിസ്ട്രേഷൻ ഫോമിൽ സൗജന്യമായി അപേക്ഷ പൂരിപ്പിച്ച് സമർപ്പിക്കാം.
- ഒരു സംരംഭകൻ ഒന്നിൽ കൂടുതൽ ഉദ്യം രജിസ്ട്രേഷൻ എടുക്കുവാൻ പാടില്ല.
- ഒന്നിൽ കൂടുതൽ സംരംഭം ഉണ്ടെങ്കിലും ഒറ്റ രജിസ്ട്രേഷനേ അനുവദിക്കൂ. എല്ലാത്തിന്റേയും വിവരങ്ങൾ നിലവിലുള്ള സർട്ടിഫിക്കറ്റിൽ തന്നെ ഉൾപ്പെടുത്തണം.
- നിർമ്മാണവും സേവനവും മറ്റ് അധിക പ്രവർത്തികളും ഉണ്ടെങ്കിലും എല്ലാം ഒരേ രജിസ്ട്രേഷനിൽ തന്നെ ഉൾപ്പെടുത്തണം
- ഒരു വ്യക്തിക്ക് ഒരു ആധാർ നമ്പറിൽ ഒരേ ഒരു ഉദ്യം രജിസ്ട്രേഷൻ മാത്രമേ അനുവദിക്കൂ.
- വ്യാപാര സ്ഥാപനങ്ങൾക്കും ഇപ്പോൾ ഉദ്യം എടുക്കാം.
- നിലവിൽ ഉദ്യോഗ് ആധാർ, എം.എസ്.എം.ഇ. മെമ്മോറാണ്ടം, എസ്എസ്ഐ രജിസ്ട്രേഷൻ, എന്നിവ ഉള്ളവർ നിർബന്ധമായും ഉദ്യം രജിസ്ട്രേഷൻ എടുത്തിരിക്കേണ്ടതാണ്.
- പ്രവർത്തനം തുടങ്ങിയതും തുടങ്ങാത്തതുമായ സ്ഥാപനങ്ങൾക്കും ഉദ്യം രജിസ്ട്രേഷൻ എടുക്കാം.
- സ്ഥാപനത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾ അതത് സമയത്ത് തന്നെ രേഖപ്പെടുത്തി രജിസ്ട്രേഷൻ കാലാനുസൃതമായി പുതുക്കുന്നതിനുള്ള സൗകര്യവും ഉണ്ട്.
- മറ്റ് ഏതൊരു സ്ഥാപനത്തിലെ രജിസ്ട്രേഷൻ ഉണ്ടെങ്കിലും ഉദ്യം രജിസ്ട്രേഷൻ എടുക്കാവുന്നതാണ്.
- ചെറുകിട സംരംഭങ്ങൾക്കുള്ള ക്രെഡിറ്റ് ഗ്യാരണ്ടി അഞ്ചു കോടിയിൽ നിന്നും 10 കോടിയാക്കി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട് കേന്ദ്ര ധനമന്ത്രി.■

**സംസ്ഥാന വ്യവസായ വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടർ ആണ് ലേഖകൻ.**

## വ്യവസായിക വാർത്തകൾ

# പൊതുമേഖല സ്ഥാപനങ്ങളുടെ ഭൂമി എം.എസ്.എം.ഇ. കൾക്ക്

കേരള സർക്കാരിന്റെ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉപയോഗിക്കാത്ത ഭൂമി ഏറ്റെടുത്ത് ചെറുകിട സംരംഭങ്ങൾക്ക് നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുന്നു. പ്രവർത്തിക്കാത്ത സ്ഥാപനങ്ങളുടെയും ഉപയോഗിക്കാതെ തരിശായി കിടക്കുന്ന ആയിരക്കണക്കിന് ഭൂമി പൊതുമേഖല സ്ഥാപനങ്ങളുടെ കൈവശമുണ്ട്. ഇത് ഏറ്റെടുത്ത് ഉൽപാദന മേഖലയായ എം.എസ്. എം. ഇ. കൾക്ക് നൽകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ഭൂമിയുടെ ദൗർലഭ്യം മൂലം വ്യവസായ രംഗത്തേക്ക് കടന്നുവരാൻ ബുദ്ധിമുട്ടുന്ന വ്യവസായ സംരംഭകർക്ക് ഇത് വളരെയധികം പ്രയോജനം ചെയ്യും. വ്യവസായ ആവശ്യത്തിനായി കൈവശം വയ്ക്കാനുള്ള ഭൂമിയുടെ 15 ഏക്കർ പരിധി എടുത്തുകളയാൻ സർക്കാർ ആലോചിക്കുന്നുണ്ട്. നിക്ഷേപകരെ ആകർഷിക്കുന്നതിനും സംസ്ഥാനത്ത് നിലനിൽക്കുന്ന സൗഹൃദ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഈ തീരുമാനം വളരെ സഹായകരമാകും. കെ.എസ്. എസ്.ഐ.എ. യുടെ ദീർഘനാളത്തെ ആവശ്യം പരിഗണിച്ച് ഈ തീരുമാനങ്ങൾ നടപ്പാക്കാൻ തയ്യാറായ സർക്കാരിനെ അഭിനന്ദിക്കുന്നതായി സംഘടനയുടെ സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ പറഞ്ഞു.■

# പരമ്പരാഗത വ്യവസായങ്ങളുടെ പുരോഗതിക്കായി സംസ്ഥാന സർക്കാർ സെക്ടറൽ മീറ്റിംഗുകൾ സംഘടിപ്പിക്കും



എസ്. ഹരി കിഷോർ ഐ.എ.എസ്.




സാമൂഹിക വികസന സൂചികകളിലും വിനോദസഞ്ചാര മേഖലയിലും ഏറെ പ്രശസ്തിയാർജിച്ച കേരളം വ്യാവസായിക വളർച്ചയിലും മുന്നേറുകയാണ്. സാമ്പത്തിക വ്യാവസായിക രംഗങ്ങളിൽ സുസ്ഥിര വികസനം ലക്ഷ്യമിടുന്ന സംസ്ഥാന സർക്കാർ പ്രായോഗികമായ നയങ്ങൾ നടപ്പിലാക്കി, നിക്ഷേപ സൗഹൃദ അന്തരീക്ഷം ഉറപ്പാക്കുകയും വ്യവസായ മേഖലയുടെ വ്യാപ്തി വിപുലപ്പെടുത്തുകയും ചെയ്യുന്നു. ഈ മാറ്റത്തിന് മുന്നണിയിൽ നിൽക്കുന്നത് വ്യവസായ വകുപ്പും കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷനുമാണ്. സംരംഭകത്വം, നിക്ഷേപം, തൊഴിൽ സൃഷ്ടി എന്നിവയെ പ്രോത്സാഹിപ്പിച്ച് സംസ്ഥാനത്തിന്റെ വ്യാവസായിക പരിതസ്ഥിതിയെ പുതിയ ഉയരങ്ങളിലെത്തിക്കുന്നതിന് വിവിധ കർമ്മ പദ്ധതികൾ സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്നു.

കേരളത്തിന്റെ വ്യവസായ വികസനത്തിനും നിക്ഷേപ പ്രോത്സാഹനത്തിനും ഊന്നൽ നൽകുന്ന പരിപാടികളിൽ പ്രധാനമാണ് സെക്ടറൽ മീറ്റിംഗുകൾ. സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റെയും കെ.എസ്.ഐ.ഡി.സി.യുടെയും നേതൃത്വത്തിൽ വിവിധ മേഖലകളിൽ സെക്ടറൽ മീറ്റുകൾ സംഘടിപ്പിച്ചു വരികയാണ്. ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക സംഗമത്തിന് മുന്നോടിയായി കേരളത്തിന്റെ വ്യവസായനയത്തിലെ മുൻഗണനാമേഖലകളിൽ ഉൾപ്പെട്ട ആയുർവേദ ആന്റ് ഫാർമസ്യൂട്ടിക്കൽസ്, ഹൈടെക് ഫാമിങ് ആൻഡ് വാല്യൂ ആഡഡ് റബ്ബർ, ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി, റീട്ടെയിൽ, മാരിടൈം ആൻഡ് ലോജിസ്റ്റിക്സ്

തുടങ്ങിയ സെക്ടറുകളിൽ മീറ്റിങ്ങുകൾ സംഘടിപ്പിച്ചിരുന്നു. കൂടാതെ ഐ.ബി.എമ്മു. മായി സഹകരിച്ച്. ഇന്റർനാഷണൽ ജെൻ എ ഐ കോൺക്ലേവ്, ഇന്റർനാഷണൽ റോബോട്ടിക്സ് റൗണ്ട് ടേബിൾ കോൺഫറൻസ്, ബയോടെക്നോളജി സെക്ടറുകൾക്കായി ബയോകണക്ട് കോൺക്ലേവ്, പോർട്ട്/മാരിടൈം സെക്ടറുകൾക്കായി വിഴിഞ്ഞം കോൺക്ലേവ്, ഓട്ടോമോട്ടീവ് വ്യവസായത്തിന്റെ കുതിപ്പിനായി ഓട്ടോമോട്ടിവ് ടെക്നോളജി സമ്മിറ്റ്, മലബാറിന്റെ വികസനത്തിനായി മലബാർ കോൺക്ലേവ് എന്നിവ സംഘടിപ്പിച്ചിരുന്നു.

ഇപ്പോൾ തുടർ കർമ്മ പരിപാടികളുടെ ഭാഗമായി വ്യവസായ വകുപ്പ്, പരമ്പരാഗത വ്യവസായ മേഖലയിലും സെക്ടറൽ മീറ്റിംഗുകൾ സംഘടിപ്പിക്കാൻ ഒരുങ്ങുകയാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചക്കും തൊഴിൽ സൃഷ്ടിക്കുന്നതിനും സുസ്ഥിരമായ സംഭാവന നൽകുന്ന പരമ്പരാഗത വ്യവസായങ്ങൾ നിലനിർത്താനും നവീകരിക്കാനും സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കേരളത്തിന്റെ വ്യവസായനയം 2023 ലെ സൺറൈസ് സെക്ടറുകളിൽ ഉൾപ്പെട്ട 22 മുൻഗണനാ മേഖലകൾക്കു പുറമെ പരമ്പരാഗത വ്യവസായ മേഖലകളായ കൈത്തറി, കയർ, കരകൗശലം, കശുവണ്ടി, മുള തുടങ്ങിയവയിലും വ്യവസായവകുപ്പ് പ്രത്യേക ശ്രദ്ധ നൽകിവരുന്നു.

കേരളത്തിന്റെ പരമ്പരാഗത വ്യവസായത്തിന്റെ ചരിത്രം അവിസ്മരണീയമായ നാൾ വഴികൾ പിന്നിട്ട നാടിന്റെ പൈതൃകത്തിന്റെ ഭാഗമാണ്. ഇത്തരം വ്യവസായങ്ങൾക്ക് സമ്പന്നമായ പാരമ്പര്യം അവകാശപ്പെടാനുമുണ്ട്. വൈവിധ്യങ്ങൾ നിറഞ്ഞ പരമ്പരാഗത വ്യാവസായിക മേഖല കയർ, കശുവണ്ടി, കൈത്തറി എന്നിവക്ക് പേരുകേട്ടതാണ്. ഈ രംഗത്ത് കൂടുതൽ ആധുനികത കൈവരിക്കുന്നതിനായി സംസ്ഥാന സർക്കാർ നിക്ഷേപ സൗഹൃദ നയങ്ങൾ ആവിഷ്കരിക്കുകയും എളുപ്പത്തിൽ വ്യവസായങ്ങൾ ആരംഭിക്കാൻ അനുകൂല അന്തരീക്ഷം ഒരുക്കുകയും ചെയ്യുന്നു.

പരമ്പരാഗത വ്യവസായ രംഗത്തെ പ്രമുഖരെ പങ്കെടുപ്പിച്ചു നടത്തുന്ന സെക്ടറൽ മീറ്റിംഗുകൾ, ഈ രംഗത്തെ പുതിയ സാധ്യതകൾ പരിശോധിക്കുന്നതിനും ഉൽപ്പാദനക്ഷമതയും ആഗോള മത്സരക്ഷമതയും വർധിപ്പിക്കുന്നതിന് വലിയ സഹായകമാണ്. വിപണിയിലെ മാറ്റങ്ങൾ, സാങ്കേതിക പുരോഗതികൾ, നയപരമായ മാറ്റങ്ങൾ എന്നിവ മീറ്റിംഗുകളിൽ ചർച്ച ചെയ്യപ്പെടും. ഇ-കൊമേഴ്സ്, സുസ്ഥിര ഉൽപ്പാദനം, മൂല്യവർധിത ഉൽപ്പന്നങ്ങൾ തുടങ്ങി ആധുനിക ലോകത്ത് വ്യവസായ മേഖലയിൽ വരുന്ന മാറ്റങ്ങൾ ഈ മേഖലകളെ എങ്ങനെ ബാധിക്കുന്നു എന്നിവ വിലയിരുത്തുന്നതിനും ഇത്തരം പരിപാടികൾ വഴി സാധിക്കും. കൂടാതെ, വ്യവസായ സ്ഥാപനങ്ങൾ, നയ രൂപീകരണ ഏജൻസികൾ, ധനകാര്യ സ്ഥാപനങ്ങൾ, ഗവേഷണ സംഘടനകൾ എന്നിവയുമായി ബന്ധങ്ങൾ സ്ഥാപിക്കാനും പ്രശ്നങ്ങൾ തിരിച്ചറിയുകയും പ്രായോഗിക പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നതിലൂടെ കേരളത്തിന്റെ പരമ്പരാഗത വ്യവസായങ്ങൾക്കു ഉണർവ് നൽകുന്നതിൽ സെക്ടറൽ മീറ്റിംഗുകൾ നിർണ്ണായക പങ്കുവഹിക്കും. വരുന്ന ദിവസങ്ങളിൽ കയർ, കശുവണ്ടി, പ്ലാസ്റ്റിക്/കളിപ്പാട്ടം, തുടങ്ങിയ വ്യവസായ മേഖലകളിലാണ് മീറ്റിംഗുകൾ സംഘടിപ്പിക്കുന്നത്.

കേരവൃക്ഷത്തിന്റെ നാടായി അറിയപ്പെടുന്ന കേരളത്തിൽ പരമ്പരാഗത വ്യവസായ രംഗത്ത് കയർ അനുബന്ധ ഉല്പാദന സംരംഭങ്ങൾക്ക് തുടക്കമാകുന്നത് പത്തൊമ്പതാം നൂറ്റാണ്ടിലാണ്. 1859ൽ ഐറിഷ് വംശജനായ അമേരിക്കക്കാരൻ ജയിംസ് ദറാഗും ഹെന്റി സ്മൈൽ എന്ന വിദേശ വ്യാപാരിയും ചേർന്ന് ഇന്ത്യയിലെ ആദ്യ കയർ ഫാക്ടറി ആലപ്പുഴയിൽ സ്ഥാപിച്ചു. പരമ്പരാഗത വ്യവസായ രംഗത്തെ നിരവധി വികസനങ്ങൾക്കും ചരിത്ര നേട്ടങ്ങൾക്കും കേരള ത്തിന്റെ കയർ വ്യവസായ രംഗം സാക്ഷിയായി ട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടലിലെ വിവരങ്ങൾ പ്രകാരം കേരളത്തിൽ 4 ലക്ഷത്തിലധികം ആളുകൾ കയർ അനുബന്ധ മേഖല യിൽ തൊഴിൽ ചെയ്യുന്നുണ്ട്. ഇതിൽ 80 ശതമാനവും സ്ത്രീകളാണ്. 2016-17 സാമ്പത്തിക വർഷത്തിൽ 7800 ടൺ ആയിരുന്ന കയർ ഉത്പാദനം 2021-22 സാമ്പത്തിക വർഷത്തിൽ 29000 ടൺ ആയി ഉയർന്നു. 6 വർഷം കൊണ്ട് മൂന്നിരട്ടിയിലധികം വളർച്ച ഈ മേഖലയി ലുണ്ടായി. കയർ ഉത്പ്പന്നങ്ങളുടെ സംഭരണവും വിൽപ്പനയും 200 കോടിയിലധികമായി. 13500 രൂപയായിരുന്ന തൊഴിലാളികളുടെ വാർഷിക വരുമാനം 49,000 രൂപയിലേക്ക് ഉയർത്താനായി. വിദേശ കൈമാറ്റത്തിലൂടെ ഓരോ വർഷവും സംസ്ഥാനത്തിന് 800 കോടി രൂപയിലധികം വരുമാനം നേടിത്തരുന്ന കയർ വ്യവസായത്തിന് അസാധാരണമായ വളർച്ച കൈവരിക്കുന്നതിനുള്ള ശേഷിയുണ്ട്.

കേരളത്തിൽ കശുവണ്ടി വ്യവസായം പ്രധാനമായും കൊല്ലം, തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിൽ വ്യാപിച്ചു കിടക്കുന്നു. 1970-കളിൽ, രാജ്യത്ത് കശുമാവ് കൃഷി ചെയ്യുന്ന വിസ്തൃതിയുടെ കാര്യത്തിൽ കേരളം ഒന്നാം സ്ഥാനത്തായിരുന്നു. പിന്നീട് റബ്ബർ കൃഷിയുടെ വ്യാപനത്തോടെ, കശുമാവ് തോട്ടങ്ങൾ റബ്ബർ കൃഷിയിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടു. ഈ മാറ്റമുണ്ടായിട്ടും, ഇന്ത്യൻ കശുമാവ് വ്യവസായത്തിൽ, പ്രത്യേകിച്ച് സംസ്കരണത്തിലും കയറ്റുമതിയിലും കേരളം നിർണായക പങ്ക് വഹിക്കുന്നു. കശുമാവ് കൃഷി വ്യാപനത്തിനായുള്ള കേരള സംസ്ഥാന ഏജൻസിയായ കെ എസ് എസി സിയുടെ ഔദ്യോഗിക കണക്കു പ്രകാരം നിലവിൽ, മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ്, ഒഡീഷ, തമിഴ്നാട്,

കർണാടക തുടങ്ങിയ സംസ്ഥാനങ്ങളെ താരതമ്യം ചെയ്യുമ്പോൾ കേരളം വിസ്തൃതിയുടെ കാര്യത്തിൽ ആറാം സ്ഥാനത്തും ഉൽപാദനത്തിൽ അഞ്ചാം സ്ഥാനത്തുമാണ്. സംസ്ഥാനത്ത് ഏകദേശം 800-ഓളം രജിസ്റ്റർ ചെയ്ത കശുമാവ് സംസ്കരണ യൂണിറ്റുകളുണ്ട്, ഇത് ഏകദേശം 3 ലക്ഷം തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നു, ഇതിൽ 95% പേരും സ്ത്രീകളാണ്. സംസ്കരണത്തിലും കയറ്റുമതി പ്രവർത്തനങ്ങളിലും കേരളം നൽകുന്ന ഗണ്യമായ സംഭാവനയെ ഇത് എടുത്തുകാണിക്കുന്നു.

കളിപ്പാട്ട/പ്ലാസ്റ്റിക് ഉപകരണ നിർമ്മാണ വ്യവസായത്തിലും ഇന്ത്യ ഏറെ മുന്നിലാണ്. ഒരുകാലത്ത് കളിപ്പാട്ടം ഇറക്കുമതി ചെയ്തിരുന്ന രാജ്യം ഇപ്പോൾ ഈ മേഖലയിലെ കയറ്റുമതിയിൽ മികച്ച നേട്ടം കൈവരിക്കുന്നു. കളിപ്പാട്ടങ്ങൾ, സ്പോർട്സ് ഉപകരണങ്ങൾ, ഉത്സവ സാധനങ്ങൾ, ഗൃഹോപകരണങ്ങൾ തുടങ്ങിയവയാണ് ഇന്ത്യയിൽ നിന്ന് കയറ്റുമതി ചെയ്യുന്ന പ്രധാന പ്ലാസ്റ്റിക് വസ്തുക്കൾ. കേരളത്തിനും ഈ മേഖലയിൽ വലിയ സംഭാവനകൾ നല്കാൻ സാധിക്കും. പ്ലാസ്റ്റിക് കളിപ്പാട്ട വ്യവസായത്തിൽ പുതിയ സംരംഭങ്ങൾക്ക് വഴിതുറക്കാൻ എം.എസ.എം.ഇ. മുതലായ സംരംഭക സാധ്യതകൾ ഫലപ്രദമായി ഉപയോഗിക്കാനും കഴിയും.

കേരളത്തിലെ വ്യവസായ രംഗം നവീകരിച്ചും വിപുലീകരിച്ചും മുന്നേറുമ്പോൾ, നിക്ഷേപ സൗഹൃദ നയങ്ങൾ, സമഗ്രവും നവീനവുമായ പദ്ധതികൾ, സാങ്കേതിക വിദ്യകളുടെ ഉപയോഗം എന്നിവ പരമ്പരാഗത വ്യവസായങ്ങളുടെ സാധ്യതകൾ മികവുറ്റതാക്കുകയാണ്. കയർ, കശുവണ്ടി, കൈത്തറി, പ്ലാസ്റ്റിക്/കളിപ്പാട്ടം തുടങ്ങിയ മേഖലകളിൽ നടക്കുന്ന സെക്ടറൽ മീറ്റിംഗുകൾ, സംരംഭകരെയും സർക്കാരിനെയും തമ്മിൽ കൂട്ടിയിണക്കി സംസ്ഥാനത്തിന്റെ വ്യവസായ ഭാവി ഉറപ്പാക്കുന്നു. കേരളം സമഗ്രമായ വ്യാവസായിക മുന്നേറ്റത്തിലേക്ക് കടക്കുന്നതിനായി സർക്കാർ സ്വീകരിക്കുന്ന വിവിധ നടപടികൾ ഭാവിയിൽ കൂടുതൽ തൊഴിലവസരങ്ങളും സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയുടെ വളർച്ചയും ഉറപ്പുവരുത്തും. നിക്ഷേപ സൗഹൃദനയങ്ങൾക്കൊപ്പം, പരമ്പരാഗത വ്യവസായ മേഖലകളുടെ വികസനത്തിന് സെക്ടറൽ മീറ്റിംഗുകൾ കൂടുതൽ കൂടുതൽ സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു. ■

**കെ.എസ്.ഐ.ഡി.സി. മാനേജിങ്ങ് ഡയറക്ടർ ആണ് ലേഖകൻ**

Scan for the initiative of Industries Department in the previous two years.

## വ്യവസായിക വാർത്തകൾ

### മെട്രോ മീഡിയയുടെ ഉദ്ഘാടനം




മെട്രോ മീഡിയയുടെ ഉദ്ഘാടനചടങ്ങിൽ കെ.എസ്.എസ്.ഐ.എ. സംസ്ഥാന പ്രസിഡന്റ് എ. നിസാറുദീൻ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. കടകപള്ളി സുരേന്ദ്രൻ, IIIE ചെയർമാൻ കെ.പി. രാമചന്ദ്രൻ നായർ, മെട്രോ മീഡിയ മാനേജിങ് ഡയറക്ടർ സിജി നായർ എന്നിവർ സമീപം.




# കെ.എസ്.എസ്.ഐ.എ. ഇടുക്കി ജില്ല ആനുവൽ ജനറൽ ബോഡി യോഗം സംഘടിപ്പിച്ചു

കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷൻ ഇടുക്കി ജില്ല യൂണിറ്റ് ആനുവൽ ജനറൽ ബോഡി യോഗവും സംസ്ഥാന ഭാരവാഹികൾക്കുള്ള സ്വീകരണവും തൊടുപുഴ ആദം സ്റ്റാർ കോംപ്ലെക്സിലുള്ള വ്യവസായ ഭവനിൽ വച്ച് നടത്തി. കെ.എസ്.എസ്.ഐ.എ. സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ പ്രസ്തുത പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് സുനിൽ വഴുതലക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി ജോബി ചെറിയാൻ സ്വാഗതം ആശംസിക്കുകയും റിപ്പോർട്ട് അവതരി പ്പിക്കുകയും ചെയ്തു. ജില്ലാ ട്രഷറർ ബിജു. പി.വി. കണക്കുകകൾ അവതരിപ്പിച്ചു. സംസ്ഥാന ഭാരവാഹികൾക്ക് മെമന്റോ നല്കിയും പൊന്നാട അണിയിച്ചും ആദരിക്കുകയുണ്ടായി.












# ഒരു കുടുംബത്തിനു ആവശ്യം വേണ്ട പോളിസികൾ



വിശ്വനാഥൻ ഒടാട്ട്

നമ്മൾ ഏതു വിഭാഗത്തിൽപെട്ട ആളുകൾ ആവട്ടെ നമുക്ക് ഒരു കുടുംബത്തിന്റെ താങ്ങും തണലും ഉണ്ടായിരിക്കുന്നതാണ്. അതുകൊണ്ടു തന്നെ ഒരു കുടുംബത്തിൽ സാധാരണയായി ഉണ്ടായേക്കാവുന്ന കഷ്ട നഷ്ട്ടങ്ങൾക്ക് പരിഹാരം എന്ന നിലയ്ക്ക് 4 തരത്തിലുള്ള പോളിസികളുടെ സംക്ഷിപ്ത വിവരങ്ങളാണ് ചുവടെ കൊടുക്കുന്നത്.

## മെഡിക്ലെയിം ഇൻഷുറൻസ്

നമുക്കോ നമ്മുടെ കുടുംബാഗങ്ങൾക്കോ അസുഖമോ, അപകടമോ, മാരകരോഗങ്ങളോ ഉണ്ടായാൽ സാധാരണയായി വലിയ പണച്ചിലവ് വരാവുന്നതാണ്. ഇന്നത്തെ ജീവിതരീതിയിൽ വ്യായാമക്കുറവ്, 'ഭക്ഷണശീലം, മാനസിക പിരിമുറുക്കം, മലിനീകരണം എന്നിവ നമ്മെ നേരത്തെ രോഗികളാക്കി മാറ്റുന്നു. സ്പെഷ്യാലിറ്റി ആശുപത്രികൾ, ചികിത്സാ നിർണ്ണയ മാർഗ്ഗങ്ങൾ, വിദഗ്ദ ഡോക്ടർമാരുടെ സേവനം, മരുന്നുകളുടെ ക്രമാതീതമായ വില വർദ്ധന, ആശുപത്രി ചിലവുകൾ കൂടാൻ ഇടവരുന്നു. അതുകൊണ്ട് വരുമാനവും ആരോഗ്യവുമുള്ളപ്പോൾ ഇൻഷുർ ചെയ്താൽ ഇവ രണ്ടുംകുറഞ്ഞ ഒരു അവസ്ഥയിൽ നമുക്ക് സഹായകരമായിരിക്കും. ഇന്ത്യയിൽ വിവിധ കമ്പനികൾ ഓരോ വ്യക്തിക്കും കുടുംബത്തിനും അനുയോജ്യമായ വിവിധതരം പോളിസികൾ വിപണനം ചെയ്യുന്നുണ്ട്. ഇതിനു പുറമേ മാരകരോഗങ്ങൾ കവർ ചെയ്യുന്ന പോളിസി. സീനിയർ സിറ്റിസൺ പോളിസി, ആശുപത്രി പ്രതിദിനബത്ത ലഭ്യമാവുന്ന പോളിസി തുടങ്ങി വിവിധതരം പോളിസികൾ ഇന്ന് നിലവിലുണ്ട്. ഓരോരുത്തരു



ടെയും ആവശ്യങ്ങളും വരുമാനവും കോർത്തിണക്കി ഇഷ്ടാനുസരണം പോളിസികൾ തിരഞ്ഞെടുക്കാം.

### ലൈഫ് ഇൻഷുറൻസ്

ലൈഫ് ഇൻഷുറൻസിൽ സമ്പാദ്യത്തെക്കാൾ സംരക്ഷണ കാര്യങ്ങൾക്കാണ് കൂടുതൽ പ്രാധാന്യം നൽകേണ്ടത്. വരുമാനമുള്ള ഗൃഹനാഥൻ/ഗൃഹനായിക ജീവിച്ചിരിക്കുമ്പോൾ സ്വാഭാവികമായും കുട്ടികളുടെ വിവാഹം, വിദ്യാഭ്യാസം മുതലായ കാര്യങ്ങൾ സുഗമമായി മുൻമ്പോട്ടു പോകുക പതിവാണ്. എന്നാൽ വരുമാനമുള്ള ആളിന്റെ ദേഹവിയോഗം അല്ലെങ്കിൽ സ്ഥിരവും പൂർണ്ണവുമായ വൈകല്യം എന്നിവ ഒരു കുടുംബത്തിന്റെ സാമ്പത്തിക ഭദ്രതയെ തകർക്കും എന്നതിൽ സംശയമില്ല. അതിനാൽ പ്രതിമാസ വരുമാനത്തിന്റെ 100 മുതൽ 150 ഇരട്ടിവരെ (പ്രായത്തിനനുസരിച്ച്) തുകക്ക് ഇൻഷുർ ചെയ്യിരിക്കണം. വിപണിയിൽ ഇന്ന് വിവിധ തരത്തിലുള്ള ടേം പോളിസികൾ ലഭ്യമാണ്. ഏറ്റവും പുതുതായി ഇറങ്ങിയചില കമ്പനികളുടെ പോളിസിയിൽ പ്രതിമാസം ഒരു നിശ്ചിതതുക നഷ്ട പരിഹാരം ലഭിക്കുന്നതോടോപ്പം പ്രതിമാസം മുൻകൂട്ടി നിശ്ചയിച്ച ഒരുതുക പോളിസി കാലാവധി തീരും വരെ ലഭ്യമാവുന്നുണ്ട്. മാത്രമല്ല, പണപ്പെരുപ്പത്തിനനുസൃതമായി എല്ലാവർഷവും ഒരു നിശ്ചിത ശതമാനം തുക കൂടുതൽ ലഭ്യമാവുന്നുണ്ട്. നമ്മുടെ വരുമാനത്തിന് അനുസരിച്ച് ഇണങ്ങുന്നതായ വിവിധ പോളിസികൾ ഇന്ന് നിലവിലുണ്ട്. പോളിസികൾ താരതമ്യം ചെയ്തശേഷം നമുക്ക് അനുയോജ്യമായവ തിരഞ്ഞെടുക്കാം.

### ഹോം പാക്കേജ്

നമ്മുടെ സ്വപ്നഭവനം, സാധന സാമഗ്രികൾ, എന്നിവ ശരിയായി സംരക്ഷിക്കേണ്ടതുണ്ട്. തീപിടുത്തം, ഗ്യാസ്സ് സിലിണ്ടർ, മണ്ണെണ്ണ സ്റ്റൗ, ഇലക്ട്രിക് ഹീറ്റർ, കാട്ടുതീ, തൊട്ടടുത്ത വീട്ടിൽ നിന്നോ, സ്ഥാപനങ്ങളിൽ നിന്നോ പടർന്നേക്കാവുന്ന തീ എന്നിവ വീടിനു സംഭവിച്ചേക്കാവുന്ന റിസ്കുകളിൽ പ്രധാനപ്പെട്ടവയാണ്. പ്രകൃതിക്ഷോഭങ്ങളിൽ ശക്തിയായ കാറ്റുവീശുമ്പോൾ തൊട്ടടുത്ത വൃക്ഷങ്ങൾ വീടിനു മുകളിലോ, മതിലിലോ കടപുഴകി വീഴാം. അതുപോലെ ഓട്, ഷീറ്റ് എന്നിവ കാറ്റിൽ പറന്നുപോകാനും ഇടയുണ്ട്. താഴ്ന്ന സ്ഥലങ്ങളാണെങ്കിൽ വെള്ളം കയറി വീടിനും, സാധന സാമഗ്രികൾക്കും കേടുസംഭവിക്കാനും, മതിലിടിഞ്ഞു വീഴാനും സാദ്ധ്യതയുണ്ട്. സുനാമി പോലുള്ള സംഭവങ്ങൾ വിരളമാണെങ്കിലും, തീരദേശത്തുള്ളവർക്ക് അതൊരു ഭീഷണിത്തന്നെയാണ്. മലമ്പ്രദേശത്തുള്ളവർക്കാണെങ്കിൽ ഉരുൾപൊട്ടൽ, 'ഭൂമികുലുക്കം എന്നീ പ്രകൃതിക്ഷോഭങ്ങൾ എല്ലാ കെട്ടിടങ്ങൾക്കും വലിയ 'ഭീഷണിയാണ്. ഉയരംകൂടിയ കെട്ടിടങ്ങൾ, റോഡിന് അഭിമുഖമായുള്ള വീട്, മതിൽ, ഗേറ്റ് എന്നിവയ്ക്കും,വാഹനങ്ങൾ മുഖേന കേടുപാടുകൾ സംഭവിക്കാം. കൂട്ടം കൂടിയുള്ള ആക്രമണം, നാശം വരുത്തൽ എന്നിവയും സംഭവിക്കാവുന്ന റിസ്കുകളാണ്. മേൽപ്പറഞ്ഞ റിസ്കുകൾ കവർചെയ്യുന്ന 'ഭാരത് ഗൃഹരക്ഷ പോളിസിയിൽ നാമ മാത്രമായ പ്രീമിയം അടച്ച് ഒരു വർഷം മുതൽ 10 വർഷം വരെ കാലാവധിക്ക് ഇൻഷുർ ചെയ്യുവാൻ അവസരമുണ്ട്.

### അപകട ഇൻഷുറൻസ്

അപകടങ്ങളും പ്രകൃതി ദുരന്തങ്ങളും ദിനം പ്രതി കൂടിവരുന്ന ഒരു കാലഘട്ടത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. അതുകൊണ്ടുതന്നെ അപകട ഇൻഷുറൻസ് പോളിസികളുടെ പ്രസക്തിയും വർദ്ധിച്ചുവരികയാണ്. ഏറ്റവും ലളിതമായി ഇൻഷുർ ചെയ്യാവുന്നതും കുറഞ്ഞ പ്രീമിയം നിരക്കിൽ ഒട്ടേറെ റിസ്കുകൾ കവർ ചെയ്യുന്നതുമായ പോളിസികൾ ഇന്ന് നിലവിലുണ്ട്. അപകടങ്ങളുടെ പട്ടിക ഇപ്രകാരമാണ്: റോഡ് അപകടങ്ങൾ, പാമ്പ് കടി, ഇലക്ട്രിക്ക് ഷോക്ക്, മരങ്ങളിൽ നിന്ന് വീണ് അപകടം പറ്റുന്നത്, കെട്ടിടങ്ങളിൽ നിന്ന് വീഴുന്നത്, പേപ്പട്ടി വിഷബാധ, കാട്ടുമൃഗങ്ങളുടെ ആക്രമണം, ഇടിമിന്നൽ, മണ്ണിടിച്ചിൽ, എസ്കലേറ്റർ ആക്സിഡന്റ്, കടൽ മണ്ണൊലിപ്പ്, കപ്പൽ തകർച്ച, കാട്ട് തീ, കൂട്ടിയിടിക്കൽ, ഖനി / ക്വാറി അപകടം, മൈൻ പൊട്ടിത്തെറിക്കുന്നത്, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ട്രാം ആക്സിഡന്റ്, തീപിടുത്തം, റെയിൽ ആക്സിഡന്റ്, നിറുത്തിയിട്ട വാഹനത്തിൽ ഇടിക്കുന്നത്, റെയിൽ പാളം തെറ്റുന്നത്, കപ്പൽ ഛേദം, മലവെള്ളം കുത്തിയൊഴുകുന്നത്, മേഘ വിസ്ഫോടനം, പ്രകൃതി ദുരന്തങ്ങൾ,ഭൂചലനം, ബോട്ട് ആക്സിഡന്റ്, തകിടം മറിച്ചിൽ, മണ്ണിടിച്ചിൽ, പെട്ടെന്നുണ്ടാകുന്ന വെള്ളപ്പൊക്കം, ലിഫ്റ്റ് ആക്സിഡന്റ്, ഗ്യാസ് സിലിണ്ടർ പൊട്ടിത്തെറി, മോട്ടോർ വാഹന അപകടം, വ്യോമാപകടങ്ങൾ, വ്യാവസായിക അപകടങ്ങൾ, പടക്കം പൊട്ടിത്തെറിക്കുന്നത്, വെള്ളപ്പൊക്കം, സുനാമി, മഞ്ഞ്വീഴ്ച, ഹിമപാതം, അഗ്നി പർവ്വതം പൊട്ടിത്തെറിക്കുന്നത്, ശീത തരംഗം, ആണവ സംബന്ധമായ ആപത്തുകൾ മുതലായവയാണ്. അപകട ഇൻഷുറൻസിൽ സാധാരണയായി കവർ ചെയ്യുന്നത് ഇപ്രകാരമാണ്. അപകട മരണം, സ്ഥിരവും പൂർണ്ണവുമായ വൈകല്യങ്ങൾ, ഭാഗികമായ വൈകല്യങ്ങൾ, അപകടമൂലമുള്ള ആശുപത്രിചിലവ്, ആംബുലൻസ് വാടക, മുതലായവയാണ്. ഇതിനു പുറമേ ഓരോ വ്യക്തിക്കും ഇണങ്ങുന്ന രീതിയിൽ കൂടുതൽ റിസ്ക്കുകൾ കവർ ചെയ്യുന്ന പോളിസികൾ തിരഞ്ഞെടുക്കാവുന്നത്. ഒരുവ്യക്തിയുടെ പ്രതിമാസവരുമാനത്തിന്റെ 100 മുതൽ 150 ഇരട്ടി തുകയ്ക്കാണ് ഇൻഷുർ ചെയേണ്ടത്. 18 വയസ്സുമുതൽ 70 വയസ്സ്‌വരെ പ്രായമുള്ളവർക്കാണ് ഇതിൽ ചേരാൻ അർഹത ഉണ്ടായിരിക്കുക.■

**എയിംസ് ഇൻഷുറൻസ്
ബ്രോക്കിംങ് കമ്പനി
ഫോൺ: 98957 68333
95930 74444**

## കെ.എസ്.എസ്.ഐ.എ. യ്ക്ക് തലസ്ഥാന നഗരിയിൽ ഒരു മന്ദിരം എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നു

കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷന് തലസ്ഥാന നഗരിയിൽ സ്വന്തമായി ഒരു മന്ദിരം എന്നത് ദീർഘ കാലമായുള്ള ആഗ്രഹമായിരുന്നു. ഈ ഭരണ സമിതിയുടെ കാലഘട്ടത്തിൽ സ്വന്തമായി തിരുവനന്തപുരത്ത് ഓഫീസ് എന്ന സ്വപ്ന പദ്ധതി യാഥാർത്ഥ്യമാകുവാൻ പോകുകയാണ്. അടുത്ത മാസം (21.05.2025) 21-ാം തിയതിയാണ് റീജിയണൽ ഓഫീസ്സിന്റെ ഉദ്ഘാടനം. ബഹു. കേരള സംസ്ഥാന മുഖ്യമന്ത്രി പിണറായി വിജയനാണ് ഉദ്ഘാടനം നിർവ്വഹിക്കുന്നത്. കൂടാതെ വ്യവസായ വകുപ്പ് മന്ത്രി, പ്രിൻസിപ്പൽ സെക്രട്ടറി, മറ്റു മന്ത്രിമാർ, വ്യവസായ വകുപ്പിലേയും, മറ്റു വകുപ്പുകളിലെയും ഉന്നത ഉദ്യോഗസ്ഥന്മാർ എന്നിവർ പ്രസ്തുത ചടങ്ങിൽ പങ്കെടുക്കും. വയനാട് റീഹാബിലിറ്റേഷൻ ഫണ്ടിലേക്ക് 14 ജില്ലകളിൽ നിന്നും, കെ.എസ്.എസ്.ഐ.എ. അഫിലിയേറ്റഡ് സംഘടനകളിൽ നിന്നും സമാഹരിച്ച തുക തദവസരത്തിൽ മുഖ്യമന്ത്രിയ്ക്ക് കൈമാറുന്നതാണ്. കൂടാതെ ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോ 2026 ന്റെ ലോഗോയും ബ്രോഷറും പ്രകാശനം ചെയ്യുന്നതുമാണ്. തുടർന്ന് തിരുവനന്തപുരം മസ്ക്കറ്റ് ഹോട്ടലിൽ വച്ച് നടക്കുന്ന ഉദ്ഘാടന സമ്മേളനത്തിൽ മുഖ്യമന്ത്രിയും, വ്യവസായ വകുപ്പ് മന്ത്രിയും മറ്റു ഉന്നത ഉദ്യോഗസ്ഥരും പങ്കെടുക്കുന്നതാണ്. തിരഞ്ഞെടുക്കപ്പെട്ട വ്യവസായികൾക്ക് തദവസരത്തിൽ അവാർഡുകൾ നൽകുന്നതാണ്. കെ.എസ്.എസ്.ഐ.എ.യെ സംബന്ധിച്ചിടത്തോളം ഇത് അങ്ങേയറ്റം അഭിമാനപൂരിതമായ നിമിഷമായിരിക്കും.



കെ.എസ്.എസ്.ഐ.എ. സംസ്ഥാന കമ്മിറ്റി യോഗത്തിൽ മൂലൻസ് ഗ്രൂപ്പ് ചെയർമാൻ വർഗ്ഗീസ് മൂലൻ മുഖ്യപ്രഭാഷണം നടത്തുന്നു.



കെ.എസ്.എസ്.ഐ.എ. സംസ്ഥാന കമ്മിറ്റി യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ അദ്ധ്യക്ഷപ്രസംഗം നടത്തുന്നു.



പാലക്കാട് ഗസിബോ ഓഡിറ്റോറിയത്തിൽ കെ.എസ്.എസ്.ഐ.എ. ഒറ്റപ്പാലം താലൂക്ക് കമ്മിറ്റി സംഘടിപ്പിച്ച യോഗം ബഹു. ഷൊർണ്ണൂർ എം.എൽ.എം. മമ്മി കുട്ടി ഉദ്ഘാടനം ചെയ്തു. മുഖ്യ അതിഥിയായി ഷൊർണ്ണൂർ മുനിസിപ്പൽ ചെയർമാൻ ജയ്പ്രകാശ് പങ്കെടുത്ത് സംസാരിച്ചു.



കണ്ണൂർ നോർത്ത് മലബാർ ചേംബർ ഓഫ് കോമേഴ്സ് ഹാളിൽ വച്ച് നടന്ന വനിതാ യൂണിറ്റ് രൂപികരണ യോഗത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി ജോസഫ് പൈകട മുഖ്യ അതിഥിയായി പങ്കെടുത്ത് സംസാരിച്ചു.


durashine
കനത്ത ചൂടിന്
കരുത്തുറ്റ
പ്രതിരോധം
TATA BLUESCOPE STEEL
Kgs.
Strong and Durable
Superior Thermal Insulation
Enhanced Aesthetic Appeal
MODERN DISTROPOLIS
Authorized Distributor
Modern Distropolis Ltd
AP IX/78B Modern Industrial Complex Cheppur
Anakkayam P.O. Malappuaram (DT) 676509
www.moderndistropolis.com
Ph: 0483-2782354 | Mob : +91 93876 71122
COOL PANEL™

KSSiA NEWS
Journal of The Kerala State Small Industries Association
Registered: Postal Regn. No. KL/EKM/767/2023-25
Licensed to Post without Pre-payment KL/CR/EKM/WPP-3/2023-25
Price ₹ 5.00




Printed and Published by **K.P. Ramachandran Nair** on behalf of The Kerala State Small Industries Association (KSSIA), X/26 A, HMT Industrial Estate, HMT Colony P.O., Kalamassery - 683 503, Phone: 94963 60300, Email: kssiastate@gmail.com, and Printed at Rajsree Industrial Printer, Edayar, Muppathadam, Ernakulam. Ph: 98957 03837 on behalf of Niseema Printers, Kalamassery and published at HMT Industrial Estate, Kalamassery, Ernakulam District. Editor: S. Salim.